2025

മെയ്

# സ്നേഹദീപം

സെന്റ് മേരീസ് ഫൊറോന ചർച്ച്, ചാലക്കുടി

പാരിഷ് ബുള്ളറ്റിൻ



# ADMISSION OPEN 2026 - 2027

**Apply Now**

sacredheartcollege.ac.in

## UG COURSES

### BA Integrated

- History + Civil Service / Tourism (Aided)
- English + Content Creation (Aided)
- Economics + CWM & AI (Aided)

### B.Sc. Integrated

- Physics + Data Science, Gaming Technology & AI (Aided)
- Chemistry + Food Technology (Aided)
- Zoology + Genomic Bioscience & Human Genetics (Aided)
- Mathematics + Gaming Technology (SF)
- B.Sc. – M.Sc. Psychology (5 Years, Aided)

### B.Com Integrated

- B.Com + ACCA & AI (SF)
- Finance & AI (SF)

### BCA Integrated

- BCA + Fintech & AI (SF)
- BCA + Gaming Technology

### BBA

- Chartered Logistics
- IATA - Aviation / Cargo

## New Diploma Courses

- Montessori Training
- Fashion Designing

## PG COURSES

### M.Sc.

- Zoology (Aided)
- Mathematics (Aided) +
- Physics (SF) +
- Chemistry (SF) +
- Computer Science (SF) +

Add On Course: Gaming Technology

### MA

- English (SF)
- Economics (SF) + CWM

### M.Com

- M.com Finance

### Research Programmes

- Mathematics
- Chemistry
- Physics



Contact Now : +91 99955 64300 | Chalakudy, Thrissur

**SACRED HEART COLLEGE | CHALAKUDY**

AUTONOMOUS | GOVT. AIDED WOMEN'S COLLEGE

RE-ACCREDITED BY NAAC WITH A+ GRADE IN 2023 (4th CYCLE)

Affiliated to the University of Calicut, Kerala



# സ്നേഹദീപം

## പാരിഷ് ബുള്ളറ്റിൻ


സെന്റ് മേരീസ് ഫൊറോന പള്ളി, ചാലക്കുടി-680307
ഫോൺ: 0480 2701614


### കമ്മിറ്റി


മാനേജിങ് എഡിറ്റർ
ഫാ. വർഗീസ് പാത്താടൻ
9447049106

ബുള്ളറ്റിൻ ഇൻ ചാർജ്
ഫാ. ആൽബിൻ പുതുശ്ശേരി
8157914917

അസി. മാനേജിങ് എഡിറ്റേഴ്സ്
ഫാ. ജിമോൻ പുല്ലേലി
8943897024

ഫാ. സിന്റോ പൊഴോലിപറമ്പിൽ
9995823124

എക്സ് ഒഫിഷ്യോ
കൈക്കാരന്മാർ

ചീഫ് എഡിറ്റർ
ഡോ. സിജു കൊട്ടാപ്പിള്ളി

സബ് എഡിറ്റേഴ്സ്
ആനി ഫെയ്ത്ത്
ഡോ. ബിന്ദു ജോൺ
റാണി തോമസ്
8870090738

സെക്രട്ടറി
ജോബി ആലൂക്കാരൻ
9446735008

ട്രഷറർ
റിജോ മണവാളൻ

സർക്കുലേഷൻ
ഫ്രാൻസ് ഇടശ്ശേരി
ജോഷി പുളിക്കൻ

അഡ്വർടൈസ്മെന്റ്
ജെയ്സൺ മാറാടൻ
9495974077

ഡിസൈൻസ്
ആന്റിൻ മങ്ങാട്ടാണി
ജോബി പുല്ലൂക്കര


## താളുകൾ മറിയുമ്പോൾ



11 ദുഃഖിതരെ ആശ്വസിപ്പിക്കാം!
15 തൊഴിലാളിയായിരുന്ന വി. യൗസേപ്പിതാവ്
17 വിശുദ്ധ ഡൊമിനിക് സാവിയോ
21 വിശുദ്ധ ജോൺ നെപുംസ്യാൻ
24 വചനചിന്ത
25 ഇടവക വാർത്തകൾ
32 കുടുംബകൂട്ടായ്മകൾ



FEDERAL BANK

സ്നേഹദീപം അക്കൗണ്ടിലേയ്ക്ക് പണമയയ്ക്കാൻ :
Snehadeepam
Account No. 10050100508202
Federal Bank Chalakudy Branch
IFSC Code : FDRL0001005

Full page colour - 3,000
Full page B & W - 1,400
Half page colour - 1,750
Half page B & W - 750
Thanksgiving - 250



# എഡിറ്റോറിയൽ

## പ്രകൃതി

ഈശോയോടും, പരിശുദ്ധ അമ്മയോടും, യൗസേപ്പിതാവിനോടും പ്രത്യേകിച്ച് പ്രകൃതിയെ മനസ്സിൽ ധ്യാനിച്ച് ഒരു പുതുയാത്ര ആരംഭിക്കാം. സ്നേഹമുള്ളവരും, പ്രത്യാശയുടെയും പുതു ജീവന്റെയും സന്ദേശവുമായി വീണ്ടും ഒരു മെയ് മാസം കൂടി വന്നെത്തിയിരിക്കുകയാണ്. വിശ്വ പ്രസിദ്ധമായ രീതിയിൽ തൊഴിലാളി ദിനത്തോട് കൂടി തൊഴിലാളി മധ്യസ്ഥനായ വി. ജോസഫിനെ ഓർത്തുകൊണ്ട് ഈ മാസം ആരംഭിക്കുന്നു. പരിശുദ്ധ കന്യകാമറിയത്തിന് സമർപ്പിക്കപ്പെട്ടിരിക്കുന്ന ഈ നാളുകളിൽ, അമ്മയുടെ വിനയവും ദൈവഹിതത്തിന് വഴങ്ങിക്കൊടുക്കുന്ന മാതൃകയും നമ്മുടെ ജീവിതത്തിലേക്കും പകർത്താം.

കുടുംബങ്ങളിൽ ഒത്തുചേർന്ന് ജപമാല ചൊല്ലുന്നതിലൂടെ ദൈവാനുഗ്രഹം വീടുകളിൽ നിറയുന്ന നിമിഷങ്ങളാണിവ. "എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു" എന്ന് പാടിയ മറിയത്തെപ്പോലെ, കഷ്ടപ്പാടുകൾക്കിടയിലും ദൈവത്തിന് നന്ദി പറയാൻ നമുക്ക് പഠിക്കാം. സാധാരണയിൽ നിന്നും കൂടുതലായി 2026 മെയ് മാസം ചൂടിന്റെ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിരിക്കുന്ന ദിനങ്ങളിൽ കൂടി കടന്നുപോകുമ്പോൾ, നമ്മൾ നാളെ തന്നെ ലോക്ഡൗൺ ആരംഭിക്കേണ്ട അവസ്ഥയും എത്തിയിരിക്കുന്നു. അതുകൊണ്ട് തന്നെ സൂര്യതാപ ആഘാതമേൽക്കാതിരിക്കാൻ പരമാവധി പരിശ്രമിക്കുകയും, ധാരാളം വെള്ളം കുടിക്കുകയും, വിശ്രമിക്കുകയും ആവശ്യമാണ്.


ഫ്രാൻസിസ് പാപ്പ നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ ഭാവിയിലേക്ക് നോക്കുമ്പോൾ ഭൂമിയാകുന്ന നമ്മുടെ പൊതുഭവനത്തെ സ്നേഹത്തോടെ പരിപാലിക്കാൻ നമുക്ക് പരിശ്രമിക്കാം. മെയ് മാസത്തിൽ വേനൽ ചൂടിൽ നിന്ന് വർഷകാലത്തിലേക്ക് പ്രകൃതി വഴിമാറും എന്ന പ്രതീക്ഷയിൽ പരിസ്ഥിതിയെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്തവും നമുക്കുണ്ട്. പുതുമഴയെ വരവേൽക്കാൻ മരങ്ങൾ നട്ടുപിടിപ്പിക്കുകയും ജലം സംരക്ഷിക്കുകയും ചെയ്യാൻ നമ്മൾക്ക് സാധിക്കണം.

ജോബ് 14:7 – "വൃക്ഷത്തിന് പ്രത്യാശയുണ്ട്,
മുറിച്ചാൽ അതു വീണ്ടും തളിർക്കും
അതിനു പുതിയ ശാഖകൾ ഉണ്ടാകാതിരിക്കയില്ല"

പ്രകൃതിയെ പുനരുജ്ജീവിപ്പിക്കുന്ന ദൈവത്തിന്റെ ശക്തിയെ നമ്മൾക്കറിയാം. ഈ സമയത്ത്, ഈ വചനങ്ങൾ പ്രകൃതിയെ സ്നേഹിക്കാനും സംരക്ഷിക്കാനും നമുക്ക് പ്രചോദനമാകട്ടെ.

പ്രാർത്ഥനയോടെ,
**ഡോ. സിജു കോട്ടപ്പിള്ളി**

സ്വന്തം കുരിശുവഹിക്കാതെ എന്റെ പിന്നാലെ വരുന്നവന് എന്റെ ശിഷ്യനായിരിക്കാൻ കഴിയുകയില്ല. (ലൂക്കാ 14:27)





# ഇടയശബ്ദം



ഈശോയിൽ പ്രിയമുള്ളവരെ,

"നിന്റെ വചനം പോലെ എന്നിൽ ഭവിക്കട്ടെ" എന്നു പറഞ്ഞ വാക്കുകളാണ് ഈ ലോകത്തിലെ ഏറ്റവും സ്വാതന്ത്ര്യപൂർണ്ണമായ പ്രവൃത്തി. അതുവഴി കന്യകാമറിയം എല്ലാ മനുഷ്യരെയും ദൈവമക്കളുടെ പരിപൂർണ സ്വാതന്ത്ര്യത്തിലേക്ക് അവരോധിച്ചു. കന്യകാമറിയം മനുഷ്യാവതാര രഹസ്യത്തിന് പരിപൂർണ സ്വാതന്ത്ര്യത്തോടുകൂടി സമ്മതം നൽകി. പരിത്രാണ കർമ്മത്തിൽ സഹകരിച്ചു രക്ഷണീയ കർമ്മം മനുഷ്യാവതാരം വഴി ദൈവവുമായി മർത്ത്യവംശത്തെ ഐക്യപ്പെടുത്തുന്നതിലാണ് അടങ്ങിയിരിക്കുന്നത്. ദൈവത്തിന് മനുഷ്യ സ്വഭാവം നൽകാൻ പരിശുദ്ധ കന്യക സമ്മതം നൽകിയപ്പോൾ മിശിഹാ വഴിയായിട്ടുള്ള രക്ഷാകർമ്മം എളുപ്പകരമായി. പരിശുദ്ധ കന്യകയെപ്പോലെ നാമും ദൈവതിരുമനസ്സിനു വിധേയരായി വർത്തിക്കുമ്പോൾ ദൈവമക്കളായിത്തീരുന്നു. അപ്പോഴാണ് നമ്മുടെ വ്യക്തിസ്വാതന്ത്ര്യം സുരക്ഷിതമാകുന്നത്. നമുക്കും ദൈവതിരുമനസ്സിനു വിധേയരായി ജീവിക്കാൻ പരിശ്രമിക്കാം. ഇതിനായി പരിശുദ്ധ കന്യകാമറിയത്തിന്റെ മാദ്ധ്യസ്ഥം തേടാം – മെയ് മാസ റാണി, ഞങ്ങൾക്ക് വേണ്ടി അങ്ങേ തിരുക്കുമാരനോട് പ്രാർത്ഥിക്കേണമേ!

മെയ് മാസം ഒന്നാം തിയ്യതി വി. യൗസേപ്പിതാവ് 'തൊഴിലാളി മദ്ധ്യസ്ഥനായി' അറിയപ്പെടുന്നു. ആത്മീയജീവിതത്തിൽ സമഗ്രമായ വളർച്ചക്കുള്ള വഴികാട്ടിയാണ് നസറത്തിലെ യൗസേപ്പിതാവ്. എല്ലാ സാഹചര്യങ്ങളിലും നന്മ വിജയിപ്പിക്കുകയും അതിനുവേണ്ടി നിലകൊള്ളുകയും ചെയ്യുന്ന വ്യക്തിയാണ് സമഗ്രതയുള്ളയാൾ. സമഗ്രത എന്നത് ഒരു നേതൃത്വമുള്ള വ്യക്തിയെ സൃഷ്ടിക്കുന്ന ഒരു ഗുണമാണെങ്കിൽ യൗസേപ്പിതാവിൽ ഈ ഗുണം ധാരാളമായി ഉണ്ടായിരുന്നു. അഗ്രാഹ്യമായ ദൈവഹിതം സാവധാനം വെളിപ്പെടുമ്പോൾ സമചിത്തതയോടെ പ്രതികരിക്കാൻ സമഗ്രതയുള്ള വ്യക്തിക്ക് വേഗം സാധിക്കുന്നു. സമഗ്രതയുള്ള വ്യക്തി ഒരു കാര്യത്തിന്റെ വസ്തുത മനസ്സിലാക്കി പ്രത്യുത്തരിക്കുമ്പോൾ ബന്ധങ്ങൾ ഊഷ്മളവും സൗഹൃദങ്ങൾ കെട്ടുറപ്പുള്ളതുമാകും. ആത്മീയജീവിതത്തിൽ സമഗ്രതയിലേക്കു വളരാൻ യൗസേപ്പിതാവിന്റെ നല്ല മാതൃകകൾ നമുക്കു സ്വന്തമാക്കാം. സ്വഭവനത്തിലേയും, ജോലി മേഖലകളിലേയും, ദൈവാലയ ശുശ്രൂഷകളിലേയും ഉത്തരവാദിത്വങ്ങൾ സമഗ്രതയോടെ പൂർത്തീകരിക്കാൻ നമുക്കും വി. യൗസേപ്പിതാവിന്റെ സഹായം തേടാം. "തൊഴിലാളി മാദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പേ, ജോലിയുടെ മഹത്വം ഞങ്ങളെ പഠിപ്പിക്കണമേ" എന്ന സുകൃത ജപം നമുക്കും ഏറ്റുപറഞ്ഞു പ്രാർത്ഥിക്കാം.

എല്ലാവർക്കും അനുഗ്രഹപ്രദമായ ഒരു മാസം നേരുന്നു.

കർത്താവിൽ ഒത്തിരി സ്നേഹത്തോടെ,

**വർഗ്ഗീസ് പറമ്പാടനച്ചൻ**

കർത്താവാണ് നിന്റെ കാവൽക്കാരൻ; നിനക്കു തണലേകാൻ അവിടുന്ന് നിന്റെ വലത്തുഭാഗത്തുണ്ട്. (സങ്കീ. 121:5)



# ഇടവക ഡയറി

## മെയ് - 2026

| | | | |
|---|---|---|---|
| 01 | വെള്ളി | | - ആദ്യവെള്ളി, രോഗികൾക്ക് കുമ്പസാരം, വി. കുർബാന, മെയ് ദിനം; തൊഴിലാളി മധ്യസ്ഥനായ വി. യൗസേപ്പ് |
| 02 | ശനി | | - ബ്രദർ ജോഷ്വിൻ ആലപ്പാട്ട് (യൂണിറ്റ്–7), സെന്റ് പോൾസ് മൈനർ സെമിനാരിയിൽ വെച്ച് വൈദിക വസ്ത്രം സ്വീകരിക്കുന്നു |
| 03 | ഞായർ | | - ഉയിർപ്പ് അഞ്ചാം ഞായർ |
| | | | 6.00, 7.30 **am &** 5.00, 7.00 **pm** – വി. കുർബാന |
| | | 9.00 am | - ആദ്യകുർബാന സ്വീകരണം |
| | | | വി. ഫിലിപ്പോസ്, വി. യാക്കോബ് |
| 06 | ബുധൻ | | - വി. ഡൊമിനിക് സാവിയോ |
| 09 | രണ്ടാം ശനി | 7.15 am | - വി. കുർബാന, മെയ് മാസം വിവാഹവാർഷികം ആഘോഷിക്കുന്ന ദമ്പതികളുടെ കൃതജ്ഞതാബലി, വിവാഹ പ്രതിജ്ഞ നവീകരണം |
| 10 | ഞായർ | | - ഉയിർപ്പ് ആറാം ഞായർ |
| | | | 6.00, 7.30, 9.30 **am** – വി. കുർബാന |
| | | 8.45 am | - കുടുംബസമ്മേളന കേന്ദ്രസമിതി ജനറൽബോഡി യോഗം |
| | | 6.30 to 10.00 pm | - വചന സായാഹ്നം |
| | | | വി. കുർബാന, കുമ്പസാരം, ജപമാല, വചനപ്രഘോഷണം, ആരാധന |
| 16 | ശനി | | - വി. ജോൺ നെപുംസ്യാൻ, വി. സൈമൺ സ്റ്റോക്ക് |
| 17 | ഞായർ | | - ഉയിർപ്പ് ഏഴാം ഞായർ |
| | | | 6.00, 7.30, 9.30 **am &** 5.00, 7.00 **pm** – വി. കുർബാന |
| | | 8.45 am | - പ്രതിനിധിയോഗം |
| 22 | വെള്ളി | | - വി. റീത്ത |
| 24 | ഞായർ | | - പന്തക്കുസ്താ തിരുനാൾ, ശ്ലീഹ ഒന്നാം ഞായർ |
| | | | 6.00, 7.30, 9.30 **am &** 5.00, 7.00 **pm** – വി. കുർബാന |
| 31 | ഞായർ | | - പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ, ശ്ലീഹ രണ്ടാം ഞായർ |
| | | | 6.00, 7.30, 9.30 **am &** 5.00, 7.00 **pm** – വി. കുർബാന |
| | | | ഫൊറോനയുടെ കീഴിലുള്ള എല്ലാ ഇടവകകളിലെയും കുടുംബസമ്മേളന കേന്ദ്രസമിതി ഭാരവാഹികളുടെ സംഗമം |

2026 ജൂൺ

| | | | |
|---|---|---|---|
| 01 | തിങ്കൾ | | - വി. ജസ്റ്റിൻ |
| 04 | വ്യാഴം | | - പരിശുദ്ധ കുർബാനയുടെ തിരുനാൾ |
| 05 | വെള്ളി | | - ആദ്യവെള്ളി, രോഗികൾക്ക് കുമ്പസാരം, വി. കുർബാന |

പിതാവിൽ നിന്ന് വരം ലഭിച്ചാലല്ലാതെ എന്റെ അടുക്കലേക്കു വരുവാൻ ആർക്കും സാധിക്കുകയില്ല. (യോഹ 6:65)


സബ്ബ് ഡീക്കൻ പട്ടം സ്വീകരിച്ച
ബ്രദർ ജെസ്സ്റ്റെ
പുതുശ്ശേരിയ്ക്ക്
ചാലക്കുടി ഇടവക സമൂഹത്തിന്റെ
പ്രാർത്ഥനാശംസകൾ...
യൂണിറ്റ് – 3
2026 മെയ് 2 ന്
വൈദീക വസ്ത്രം സ്വീകരിക്കുന്ന
ബ്രദർ ജോഷ്വൽ ആലപ്പാട്ടിന്
ചാലക്കുടി ഇടവക സമൂഹത്തിന്റെ
പ്രാർത്ഥനാ മംഗളങ്ങൾ...
യൂണിറ്റ് – 1

# Grace & Glory Academy
## Institute for ENTRANCE COACHING



- Engineering & Medical Entrance +1, +2, Repeaters
- Foundation Courses for Engineering & Medical Entrance (VI to X Std.)
- Tuitions All Subjects (IVth Std. to +2)
- Tuitions All Subjects (BA/BSc/B.com)
- Spoken English for all age groups
- Yoga for Kids & Ladies

Ground Floor, Nexus Tower, Near Private Bus Stand, South Chalakudy

**Call/Whatsapp: 9892453433 Call: 9967398177**

# CUCKOOS NEST

Near DySP Office, Chalakudy - 680 307

PH : 8113948949, 9846451144

## SUMMER ACTIVITIES
## CHRYSALIS 2026



TEAM BUILDING SKILLS | PERSONALITY DEVELOPMENT | ART & CRAFT
FUN & GAMES | NATURE FUN | SPLASH POOL | MUSIC & DANCE | NO FIRE COOKING
FUN WITH SCIENCE | FIELD TRIP | READING AND CREATIVE WRITING
STAGE SMART | TRADITIONAL GAMES | MAGIC SHOW

**AGE 4 TO 10 YEARS**

2026 April 6th to April 30th & May 4th to May 20th

10.00 am to 4.00pm

**CUCKOOS NEST PRE SCHOOL** Near DySP Office, Chalakudy - 680 307 **Ph : 9447 061 212**





# മെയ് മാസം: മാതൃഭക്തിയുടെയും ആത്മീയ നവീകരണത്തിന്റെയും പുണ്യകാലം

വിശുദ്ധ കത്തോലിക്കാ സഭ പരിശുദ്ധ കന്യകാമറിയത്തിനായി സമർപ്പിച്ചിരിക്കുന്ന പുണ്യമാസമാണ് മെയ്. പ്രകൃതി പൂത്തുലയുന്ന ഈ വസന്തകാലത്ത്, വിശ്വാസികൾ തങ്ങളുടെ ഹൃദയങ്ങളിൽ മരിയൻ ഭക്തിയുടെ പുഷ്പങ്ങൾ അർപ്പിക്കുന്ന 'വണക്കമാസം'. കുടുംബങ്ങളിൽ ഒത്തുചേർന്നുള്ള ജപമാല പ്രാർത്ഥനകളും വണക്കമാസ വായനകളും നമ്മുടെ ആത്മീയ ജീവിതത്തിന് പുതിയ ചൈതന്യമേകുന്നു.

അമ്മ എന്ന പദത്തിന്റെ അർത്ഥം പൂർണ്ണതയിലെത്തുന്നത് മറിയത്തിലാണ്. ക്രിസ്തുവിനോട് ഏറ്റവും ചേർന്നുനിന്ന വ്യക്തി എന്ന നിലയിൽ, മറിയം നമുക്ക് ദൈവത്തിലേക്കുള്ള എളുപ്പവഴിയാണ്. ആധുനിക ലോകത്തെ അസ്വസ്ഥതകൾക്കും പ്രതിസന്ധികൾക്കും ഇടയിൽ പ്രത്യാശയുടെ കിരണമായി പരിശുദ്ധ അമ്മ നിലകൊള്ളുന്നു. ഈ കാലഘട്ടത്തിൽ വിശ്വാസകാര്യങ്ങളിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടത് അത്യന്താപേക്ഷിതമാണ്. സോഷ്യൽ മീഡിയയുടെയും സാങ്കേതിക വിദ്യയുടെയും അതിപ്രസരത്തിനിടയിൽ, കുടുംബബന്ധങ്ങളെ ദൃഢമാക്കാനും മക്കളുടെ വിശ്വാസജീവിതം കരുപ്പിടിപ്പിക്കാനും ഈ വണക്കമാസ ആചരണങ്ങൾ സഹായിക്കും.

ഈ മെയ് മാസത്തിൽ, വെറും ആചാരങ്ങൾക്കപ്പുറം അമ്മയുടെ സഹനവും കീഴ്വഴക്കവും ജീവിതത്തിൽ പകർത്താൻ നമുക്ക് പരിശ്രമിക്കാം. ലോകസമാധാനത്തിനായും ക്ലേശിക്കുന്നവർക്കായും നമ്മുടെ പ്രാർത്ഥനകൾ മരിയപാദങ്ങളിൽ അർപ്പിക്കാം. പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം നമ്മുടെ ഇടവകയെയും കുടുംബങ്ങളെയും കാത്തുപരിപാലിക്കട്ടെ.

എന്ന് സ്നേഹപൂർവ്വം,
**ആൽബിനച്ചൻ**

നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത്. (ജറെ 29:11)



# അനുദിന സുവിശേഷം
## 2026 മെയ്



| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| 31 യോഹ. 16:5-15 1 തിമോ. 6:11-16 | | | | | 01 യോഹ. 3:1-12 2 കൊറി. 5:14-20 | 02 മത്താ. 18:10-14 റോമാ 11:25-32 |
| 03 ലൂക്കാ 10:1-12 ഹെബ്രാ 10:24-10:3 | 04 ലൂക്കാ 9:1-6 2 കൊറി. 10:5-10 | 05 ലൂക്കാ 8:1-8 ഫിലി 2:19-30 | 06 ലൂക്കാ 17:5-10 ഫിലി 4:10-20 | 07 ലൂക്കാ 9:57-62 1 കൊറി. 15:1-11 | 08 മത്താ. 10:24-30 1 കൊറി. 3:1-9 | 09 ലൂക്കാ 7:1-10 റോമാ 10:14-16 |
| 10 യോഹ. 15:18-25 റോമാ 8:1-11 | 11 യോഹ. 4:27-30 റോമാ 3:21-26 | 12 യോഹ. 5:36-47 റോമാ 6:19-23 | 13 മർക്കോ 5:21-34 ഹെബ്രാ 10:7-10 | 14 മർക്കോ 16:9-20 ഹെബ്രാ 10:1-14 | 15 യോഹ. 13:36-39 യാക്കോ 5:1-14 | 16 യോഹ. 17:9-19 ഹെബ്രാ 9:1-6 |
| 17 ലൂക്കാ 24:44-53 1 പത്രോ 1:3-9 | 18 ലൂക്കാ 1:1-8 1 തിമോ. 2:1-7 | 19 ലൂക്കാ 18:9-14 റോമാ 8:26-30 | 20 ലൂക്കാ 11:1-4 റോമാ 8:12-17 | 21 മത്താ. 7:7-11 ശ്ലീഹ 10:44-48 | 22 യോഹ. 4:19-24 എഫേ. 6:14-20 | 23 ലൂക്കാ 11:5-10 2 കൊറി. 1:17-22 |
| 24 യോഹ. 20:19-23 ശ്ലീഹ 2:1-11 | 25 യോഹ. 16:5-15 ഗലാ 3:10-14 | 26 ലൂക്കാ 10:11-27 1 കൊറി. 12:4-11 | 27 ലൂക്കാ 10:38-42 റോമാ 12:3-13 | 28 ലൂക്കാ 10:17-22 റോമാ 15:7-13 | 29 ലൂക്കാ 16:19-24 ശ്ലീഹ 3:1-10 | 30 മർക്കോ 10:9-10 റോമാ 14:1-9 |

## വിശേഷ ദിനങ്ങൾ

**മെയ്**

1 മെയ്ദിനം, തൊഴിലാളി ദിനം, മാസാദ്യവെള്ളി
2 വി. അത്തനേഷ്യസ്
3 പത്രസ്വാതന്ത്ര്യ ദിനം
6 വി. ഡൊമിനിക് സാവിയോ
8 ലോക റെഡ്ക്രോസ് ദിനം
12 നഴ്സസ് ദിനം
13 ദേശീയ ഐക്യദാർഢ്യ ദിനം
14 കർത്താവിന്റെ സ്വർഗ്ഗാരോഹണം
15 അന്തർദേശീയ കുടുംബ ദിനം
16 വി. സൈമൺ സ്റ്റോക്ക്, വി. ജോൺ നെപുംസ്യാൻ
17 വിവരവാർത്താ വിനിമയ ദിനം
21 ഭീകരവിരുദ്ധ ദിനം, രാജീവ്ഗാന്ധി വധിക്കപ്പെട്ട ദിനം
22 ജൈവ വൈവിധ്യ ദിനം, വി. റീത്ത
24 പന്തക്കുസ്താ തിരുനാൾ, ക്രിസ്ത്യാനികളുടെ സഹായമായ മറിയത്തിന്റെ തിരുനാൾ
26 വി. ഫിലിപ്പ് നേരിയുടെ തിരുനാൾ
28 വനിതാരക്ഷാ ദിനം
29 എവറസ്റ്റ് ദിനം
31 പരി. ത്രിത്വത്തിന്റെ തിരുനാൾ, ലോക പുകയില വിരുദ്ധ ദിനം

വചനം നിനക്കു സമീപസ്ഥമാണ് അത് നിന്റെ അധരത്തിലും ഹൃദയത്തിലുമുണ്ട് (നിയ 30:14)



# അവധിക്കാലം: പ്രാർത്ഥനയ്ക്ക് അവധി വേണ്ടാട്ടോ!



'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ ഈശോയെ, അങ്ങയുടെ കുട്ടിക്കാലം വരണമേ. ഈ അവധിക്കാലം സ്വർഗ്ഗത്തിലെ പോലെ സുന്ദരമാക്കണമേ.

'അന്നന്ന് വേണ്ട കളികൾ ഞങ്ങൾക്ക് നൽകണമേ. പാടത്തും പറമ്പിലും ഓടികളിക്കാനും മരം കേറാനും പഠിപ്പിക്കണമേ. എന്നും രാവിലെ എഴുന്നേൽപ്പിച്ചു ഞങ്ങളെ പള്ളിയിൽ വിടണേ. വഴക്കിൽ നിന്നും അടിപിടിയിൽ നിന്നും ഞങ്ങളെ അകറ്റിനിർത്തണമേ.'

'മൊബൈൽ ഗെയിമിലും തെറ്റായ ചാറ്റിലും ഞങ്ങളെ ഉൾപ്പെടുത്തരുതേ. സോഷ്യൽ മീഡിയയിൽ നിന്നും ഞങ്ങളെ രക്ഷിക്കണമേ.'

ഇൻസ്റ്റഗ്രാം പോസ്റ്റുകളിലും വാട്സ്ആപ്പ് സ്റ്റാറ്റസുകളിലും വൈറലായ മനോഹരമായ വരികളാണിവ. സ്കൂൾ മണികൾ മുഴക്കം നിർത്തി, പരീക്ഷാച്ചൂടിൽ നിന്ന് മോചിതരായി കുട്ടികൾ ആഹ്ലാദിക്കുന്ന സമയമാണിത്. പഠനത്തിനും സ്കൂൾ ജീവിതത്തിനും മാത്രമേ അവധിയുള്ളൂ; പ്രാർത്ഥനയ്ക്കും, ദൈവാശ്രയബോധത്തിനും, നന്മ ചെയ്യുന്നതിനും നമ്മൾ ഒരിക്കലും അവധി നൽകരുത്.

### അവധിക്കാലം ധന്യമാക്കാൻ ചില കാര്യങ്ങൾ:

**ദൈവത്തോട് ചേർന്ന് നിൽക്കാം:** സ്കൂൾ സമയത്ത് പുലർച്ചെ എഴുന്നേൽക്കുന്ന ശീലം മാറ്റാതെ, രാവിലെ പള്ളിയിൽ പോകാനും വിശുദ്ധ കുർബാനയിൽ പങ്കുചേരാനും ഈ സമയം ഉപയോഗിക്കാം. കുടുംബപ്രാർത്ഥനയിലും വേദപാഠ ക്ലാസ്സുകളിലും സജീവമാകാം.

**സഹായഹസ്തങ്ങൾ നീട്ടാം:** പഠനത്തിന്റെ തിരക്കുകൾ ഇല്ലാത്ത ഈ സമയത്ത് വീട്ടിലെ ചെറിയ ജോലികളിൽ മാതാപിതാക്കളെ സഹായിക്കാം. അയൽപക്കത്തെ രോഗികളെയോ പ്രായമായവരെയോ സന്ദർശിക്കാനും അവരോട് സംസാരിക്കാനും സമയം കണ്ടെത്താം.

**പ്രകൃതിയെ അറിയാം:** ഫോൺ മാറ്റിവെച്ച് മുറ്റത്തും പറമ്പിലും ഇറങ്ങാം. മണ്ണും മഴയും വെയിലും അറിഞ്ഞ് വളരാം (ചൂട് കുറഞ്ഞിട്ട് പുറത്തിറങ്ങിയാൽ മതിട്ടോ). കളിക്കൂട്ടുകാരുമായി നേരിട്ട് ഇടപെടുന്നത് സാമൂഹികമായ വളർച്ചയ്ക്ക് സഹായിക്കും.


**സർഗ്ഗാത്മകത വളർത്താം:** വായന, ചിത്രരചന, സംഗീതം തുടങ്ങിയ ക്രിയാത്മകമായ കാര്യങ്ങൾക്കായി ഈ സമയം മാറ്റിവെക്കാം.

അവധിക്കാലത്തിന്റെ പകുതി പിന്നിട്ടെങ്കിലും ഇനിയുള്ള അവധിക്കാലം നമുക്ക് അടിച്ചുപൊളിക്കാം.

സ്നേഹത്തോടെ,

**ഫാ. ജോയൽ പുല്ലേലി**

പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത്. (മത്താ 7:21)


NIRMALA
NIRMALA
Landmark
NIRMALA BOOKS
NIRMALA BUILDING, SOUTH CHALAKUDY
Mob: +91 9946 134 999, 9249 572 188
N cRaft
NIRMALA
Offset & Digital Press
Nirmala College Road, South Chalakudy
Ph : 0480 2706659, 2701259
Mob : 9249572122
email : nirmalaplus@gmail.com
Hiprint pvt ltd
Kanjani Road, West Fort-Thrissur
Ph : 0487 2387393, 2382858
Mob : 9249572131
email : nirmalahp@gmail.com
We undertake high quality multicolour printing jobs

SALESIAN OF DON BOSCO

Congratulations



50 Years Golden JUBILEE 1976 - 2026

50th Anniversary of religious profession

Rev. Fr. Prince Puthanangadi, SDB

Best Compliments from : Puthanangadi Family

St. Mary's

drmohanjoseph9999@gmail.com

VETERINARY CONSULTANCY

Bethlehem, Koodapuzha, Athirappilly Road, Chalakudy.




Dr. MOHAN JOSEPH PUTHANANGADY

DEPUTY DIRECTOR (A.H) RETD.

9447829968, 8075863459

- DOG & CAT VACCINATIONS
- LIVESTOCK INSURANCE
- FARM / HOUSE VISIT

- VACCINATE YOUR DOGS AND CATS AGAINST RABIES... CANINE DISTEMPER, PARVO VIRUS EVERY YEAR...
- ONLY IMPORTED VACCINES USED...
- MICROCHIPPING DONE...
- VACCINATION AND HEALTH CERTIFICATES ISSUED...
- ON CALL DOOR TO DOOR SERVICES


DAWN
EYE HOSPITAL
Brightening Every Sunrise
കണ്ണിനെ
കൺമണി പോലെ
കാക്കാൻ
ഇനി
നിങ്ങൾക്കൊപ്പം
ഞങ്ങളും
എല്ലാ പ്രായക്കാർക്കും സമഗ്ര നേത്ര പരിചരണം
നൂതന തിമിര ശസ്ത്രക്രിയ
ഗ്ലൂക്കോമ രോഗനിർണ്ണയവും ചികിത്സയും
ഡയബറ്റിക് റെറ്റിനോപ്പതി
കുട്ടികളിലെ കാഴ്ചവൈകല്യം
കണ്ണിലെ നിർജ്ജലീകരണം
ഇന്നുതന്നെ
സന്ദർശിക്കൂ
ബുക്കിംഗിന് വിളിക്കുക : 0480 2700020
2nd Floor, LF Complex, Pam Road,
Near St. Mary's Church, South Chalakudy
പ്രവർത്തന സമയം : രാവിലെ 9 മണി മുതൽ വൈകീട്ട് 7 മണി വരെ (ഞായർ അവധി)



# 'അവൻ നിങ്ങളോട് പറയുന്നത് ചെയ്യുവിൻ'

## (യോഹന്നാൻ 2:5)



മെയ് മാസത്തിന്റെ പുണ്യത്തിലേക്ക് നാം പ്രവേശിക്കുകയാണ്. പ്രകൃതി പുഷ്പങ്ങളാൽ അലംകൃതമാകുന്ന ഈ കാലയളവിൽ, നമ്മുടെ ആത്മീയ ജീവിതവും പരിശുദ്ധ കന്യകാമറിയത്തിന്റെ മാധ്യസ്ഥത്താൽ പൂവണിയേണ്ടതുണ്ട്. ഈ മാസത്തിൽ നാം പ്രത്യേകമായി ചിന്തിക്കുന്നത് പരിശുദ്ധ അമ്മ നമ്മുടെ ഇടവകയുടെ കരുത്തായ യുവജനങ്ങൾക്ക് നൽകുന്ന മാതൃകയെക്കുറിച്ചാണ്.

അമ്മ തന്ന 'YES'

നസ്രത്തിലെ ഒരു സാധാരണ പെൺകുട്ടിയായിരുന്ന മറിയം തന്റെ യുവത്വത്തിലാണ് ദൈവഹിതത്തിന് 'YES' എന്ന് പറഞ്ഞത്. ഇന്ന് നമ്മുടെ യുവജനങ്ങളുടെ മുന്നിൽ ഒട്ടനവധി വെല്ലുവിളികളും തിരഞ്ഞെടുപ്പുകളുമുണ്ട്. പലപ്പോഴും ലോകത്തിന്റെ ശബ്ദങ്ങൾക്കിടയിൽ ദൈവത്തിന്റെ സ്വരം തിരിച്ചറിയാൻ അവർ പ്രയാസപ്പെട്ടേക്കാം. എന്നാൽ അസാധ്യമായതിനെ സാധ്യമാക്കുന്ന ദൈവത്തിന്റെ പദ്ധതിക്ക് മറിയം നൽകിയ ആ ധീരമായ മറുപടിയാണ് നമ്മുടെ യുവതലമുറയ്ക്കും ഉണ്ടാകേണ്ടത്. സ്വന്തം ഇഷ്ടങ്ങളെക്കാൾ ദൈവഹിതത്തിന് പ്രാധാന്യം നൽകുമ്പോഴാണ് ഒരു യുവജീവിതം അർത്ഥപൂർണ്ണമാകുന്നത്.

കാനായിലെ കല്യാണവിരുന്നിൽ പ്രതിസന്ധിയിലായവർക്ക് ആശ്രയമായ അമ്മ, നമ്മുടെ മക്കളുടെ ജീവിതത്തിലെ കുറവുകളിലും മാധ്യസ്ഥയാകാൻ കാത്തുനിൽക്കുന്നു. 'അവൻ നിങ്ങളോട് പറയുന്നത് ചെയ്യുവിൻ' എന്ന അമ്മയുടെ വാക്കുകൾ നമ്മുടെ യുവതലമുറയുടെ ജീവിതമന്ത്രമാകണം. മാതാവിനോടുള്ള ഭക്തി ജപമാല ചൊല്ലലിൽ മാത്രം ഒതുങ്ങാതെ, അവളുടെ വിനയവും സേവനസന്നദ്ധതയും ജീവിതത്തിലേക്ക് പകർത്താൻ നമ്മുടെ യുവജനങ്ങൾക്ക് കഴിയട്ടെ.

ആയിരത്തിലധികം കുടുംബങ്ങൾ ചേരുന്ന നമ്മുടെ ഈ വലിയ ഇടവകയിൽ, ഓരോ വീട്ടിലും ജപമാലയുടെ മണികൾ ഉരുളുമ്പോൾ നമ്മുടെ മക്കളുടെ ഭാവിക്കായി നമുക്ക് പ്രാർത്ഥിക്കാം. അവരെ തിരുസഭയുടെയും സമൂഹത്തിന്റെയും മൂല്യമുള്ള അംഗങ്ങളായി വളർത്താൻ പരിശുദ്ധ അമ്മയുടെ സംരക്ഷണം നമുക്ക് തേടാം. യുവജനങ്ങളെ സ്നേഹിക്കാനും അവർക്ക് വഴികാട്ടാനും നമുക്ക് സാധിക്കണം. ഈ മെയ് മാസത്തിലെ വണക്കമാസ പ്രാർത്ഥനകൾ നമ്മുടെ കുടുംബങ്ങളിൽ സമാധാനവും നമ്മുടെ യുവജനങ്ങളിൽ പുതിയൊരു ആത്മീയ ഉണർവും നിറയ്ക്കട്ടെ. നമ്മുടെ ഇടവകയിലെ എല്ലാ കുടുംബങ്ങളെയും പ്രത്യേകമായി നമ്മുടെ എല്ലാ യുവജനങ്ങളെയും പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിന് പ്രതിഷ്ഠിക്കുന്നു. അമ്മയുടെ നീല മേലങ്കിക്ക് കീഴിൽ നാം എവരും സുരക്ഷിതരായിരിക്കട്ടെ.

പരിശുദ്ധ അമ്മയെ പോലെ ദൈവഹിതത്തിന് ആമേൻ പറഞ്ഞ് വിശുദ്ധരായ ദൈവവിളികൾ നമ്മുടെ ഇടവകയിൽ നിന്നും ഉണ്ടാകുവാൻ നമുക്ക് പ്രാർത്ഥിക്കാം.

'കർത്താവേ, അങ്ങയുടെ സഭയിലേക്ക് വിശുദ്ധരായ അപ്പസ്തോലരെ അയക്കണമേ.'

സ്നേഹപൂർവ്വം,
സിജോച്ചൻ

അവിടുത്തെ തിരഞ്ഞെടുക്കപ്പെട്ടവരുടെ മേൽ അവിടുന്നു കരുണയും അനുഗ്രഹവും വർഷിക്കും (ജ്ഞാനം 3:9)

# GM ACADEMY

Sion Villa 1, Kadavu Road,
Near Govt.Hospital, Chalakudy, Kerala - 680307

**അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു !!!**



## TUITIONS

5 മുതൽ 10 വരെ ക്ലാസ്സുകൾക്ക്
(English Medium)

## SPOKEN ENGLISH
(Basic & Advanced)

NB : സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രത്യേക ബാച്ചുകൾ

**പ്രത്യേകതകൾ :**

- Career Guidance
- Personality Development,
- English Fluency Development
- Qualified & Experienced Teachers
- Calm & Quiet Atmosphere

## PSYCHOMETRIC ASSESSMENT & CAREER GUIDANCE

8 മുതൽ 12 ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് ശാസ്ത്രീയ രീതികളിലൂടെ
**Career Guidance, Stream Selection, ഭാവിയിലെ കരിയർ സാദ്ധ്യതകൾ പരിചയപ്പെടുത്തൽ, വ്യക്തിഗത കൗൺസിലിങ്** എന്നിവയ്ക്ക് സൗകര്യം.

**RANI GEORGE**
MA MEd, MPhil
(Director)
9497804199
gmsway8@gmail.com

**GEORGE MORELY**
MA(Eng) MA (Psy) MEd
(Certified Career Coach & DMIT Specialist)
9447528097, 8129686678


ദൈവവചനം ആദരിക്കുന്നവൻ ഉത്കർഷം നേടും, കർത്താവിൽ ആശ്രയിക്കുന്നവൻ ധന്യനാണ്. (സുഭാ 16:20)



# ദുഃഖിതരെ ആശ്വസിപ്പിക്കാം!

ബ്രദർ ഫാരിസ് OFM Cap.

ഒരു ക്രിസ്തുമസ് കാലത്തായിരുന്നു ആദ്യമായി അവരെ പരിചയപ്പെടുന്നത്. അപ്രതീക്ഷിതമായി ആരോ തന്നെ ഞങ്ങളുടെ ഉത്തർപ്രദേശിലെ സെമിനാരിയുടെ അകത്തേക്ക് പ്രവേശിച്ചു. കേരളത്തിൽ നിന്നുമുള്ള ബ്രദേഴ്സ് അച്ചന്റെ അടുത്ത് കാര്യം പറഞ്ഞു, 'ശിഖണ്ഡികൾ എത്തി'. റെക്ടർ അവരെ സ്നേഹപൂർവ്വം തിരുത്തി 'ശിഖണ്ഡികൾ അല്ല, ട്രാൻസ്ജെൻഡർസ്'. തീരെ സുഖകരമല്ലാത്ത ഒരു പെരുമാറ്റം കാഴ്ചവച്ചുകൊണ്ട് അവർ അൽപം സമയം ഞങ്ങളുടെ സെമിനാരി ക്യാമ്പസിൽ ഓടി നടന്നു. 10000 രൂപ എങ്കിലും തന്നില്ലെങ്കിൽ പോവില്ല എന്ന പിടിവാശിയിലായിരുന്നു അവർ. ട്രെയിനിലും തെരുവുകളിലും കൈകൊട്ടി പണം ചോദിച്ചിരുന്ന പതിവ് ട്രാൻസ്ജെൻഡർസ് രീതിയുടെ ഒരു അപ്ഡേറ്റഡ് വേർഷൻ ആയിരുന്നു അന്ന് ഞങ്ങൾ കണ്ടത്. ഒടുവിൽ 3000 രൂപ കൊടുത്ത് എങ്ങനെയൊക്കെയോ അവരെ പറഞ്ഞു വിട്ടു. അതിനുശേഷം അവർ ചെറുതായിട്ടെങ്കിലും ഞങ്ങൾ ബ്രദേഴ്സിന്റെ കണ്ണിൽ അവജ്ഞയ്ക്ക് പാത്രമായി. വഴിയോരങ്ങളിൽ ഭിക്ഷ തെണ്ടിയും, ശരീരം വിറ്റും ജീവിക്കുന്ന ഇവരെ കണ്ട മാത്രയിൽ മുങ്ങുക എന്നത് ഞങ്ങളുടെ പതിവായി. കേരളത്തിലേക്കുള്ള ട്രെയിനിൽ മഹാരാഷ്ട്ര എന്ന സംസ്ഥാനത്തിലേക്ക് പ്രവേശിച്ചാൽ പിന്നെ ഇവരുടെ ഊഴമാണ്. കൈകൊട്ട് എന്ന് പറയുന്നത് പണം ചോദിക്കുന്നതിനു മുമ്പുള്ള സിഗ്നലും. ട്രെയിനിൽ കൈകൊട്ട് കേട്ടാൽ ഞങ്ങൾ എല്ലാവരും ഉറക്കം അഭിനയിക്കുക പതിവായിരുന്നു. കാരണം ഉറങ്ങുന്നവരെ സാധാരണയായി അവർ ശല്യപ്പെടുത്താറില്ലായിരുന്നു. ബ്രദേഴ്സിൽ ചില വിരുതന്മാർ ചുമ്മ പേടിപ്പിക്കാനായി ഞങ്ങളുടെ ഇടയിൽ തന്നെ കൈകൊട്ടുമായിരുന്നു. അങ്ങനെയൊരു ട്രെയിൻ യാത്രയുടെ സമയത്ത് ഞങ്ങൾ വീണ്ടും അവരെ കണ്ടുമുട്ടി. ഒന്നാം വർഷത്തെ പോലെയല്ല, ഞങ്ങൾക്ക് കുറച്ച് പക്വത ഒക്കെ വന്നു തുടങ്ങിയിരുന്നു. പ്രത്യേകിച്ച് നല്ല ഉടുപ്പ് കിട്ടിയ വർഷമായിരുന്നു അന്ന്. ഞങ്ങൾ പരിഭവം ഒന്നും കൂടാതെ അവർക്ക് ചില്ലറ എടുത്തുകൊടുത്തു. ചില്ലറ ലഭിച്ചതും പതിവുപോലെ ചെറിയൊരു അനുഗ്രഹം

കർത്താവിനോട് ചേർന്നിരിക്കുന്നിടത്തോളം കാലം അവിടുന്നു നിങ്ങളോടുകൂടെയുണ്ടായിരിക്കും. (2 ദിനവൃ 15:2)


പകുതി വിലയ്ക്ക്
ഒരു കണ്ണട ലഭിക്കുമ്പോൾ
വലിയ വില കൊടുത്ത്
എന്തെണ്ണം വാങ്ങണോ?
10% മുതൽ
25% വരെ
ഡിസ്കൗണ്ട്
CHITTILAPPILLY
OPTICALS
• CONTACT LENS • SUN GLASS • COMPUTERISED EYE CLINIC
JAIN TOWER, SOUTH CHALAKUDY
Consultant Opthalmologist
Dr. Amrita John MBBS, DO
Time : 9am to 12 noon
Authenticity Card
• FREE TAX • GOOD SELECTION • CERTIFIED OPTICAL SHOP • FREE MEMBERSHIP • FREE FITTING


സ്നേഹസ്മരണയ്ക്ക്
ആട്ടോക്കാരൻ ആഗസ്തി
ദേവസ്സി
റോസി



55-ാം
വിവാഹ
വാർഷികം
15th May 2026
Happy Anniversary
15.05.1971
കെ.എ. ആന്റണി & അന്നംകുട്ടി ആന്റണി
കവലക്കാട്ട് കൊറ്റംപുറം ഹൗസ്
ആശംസകളോടെ.... മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ, പേരക്കുട്ടികളുടെ കുട്ടികൾ
കൊറ്റംപുറം വെസ്സൽസ് സൂപ്പർമാർക്കറ്റ്

# സ്നേഹസ്മരണയ്ക്ക്

## 1–ാം ചരമവാർഷികം



# തച്ചിൽ വർക്കി മകൻ

# ജോയ്

ജനനം : 15.11.1955 മരണം : 17.05.2025

"ജീവിച്ചിരുന്നപ്പോൾ നിങ്ങൾ എന്നെ സ്നേഹിച്ചു
എന്റെ മരണശേഷവും നിങ്ങളുടെ പ്രാർത്ഥനയിൽ
എന്നേയും സ്മരിക്കേണമെ."

താനിട്ട് അവർ കടന്നുപോയി. ഹിന്ദു വിശ്വാസം അനുസരിച്ച് ഭഗവാൻ പോലും ആയുധമെടുക്കാൻ ഭയക്കുന്നത് ശിഖണ്ഡിയുടെ മുന്നിലാണ്. അർദ്ധനാരീശ്വരൻ എന്നൊരു സങ്കല്പമുണ്ട്. അവരുടെ അനുഗ്രഹത്തിന് വിലയുണ്ടെന്നാണ് അവരുടെ പക്ഷം. ഞങ്ങളുടെ കൂട്ടത്തിൽപ്പെട്ട ഒരു ബ്രദറിന് പെട്ടെന്ന് ക്രിസ്തുവിന്റെ ഗന്ധം അടിക്കാൻ തുടങ്ങി, അവനൊരു ആഗ്രഹം, ഒരു ട്രാൻസ്ജെൻഡറിന്റെ എങ്കിലും കഥ കേൾക്കണം...

ഞങ്ങൾ ആരും എതിർ പറഞ്ഞില്ല. വീണ്ടും ഒരു ട്രാൻസ്ജെൻഡർ വന്നതും ഞങ്ങൾ പണം കാണിച്ചുകൊണ്ട് പറഞ്ഞു, "ഞങ്ങൾ 500 രൂപ തരാം, ഞങ്ങൾക്ക് നിന്റെ കഥ കേൾക്കണം. നീ എങ്ങനെ ഇവിടെയെത്തി എന്നുള്ള കഥ."

ചില്ലറ മാത്രം കണ്ടു മടുത്ത ആ സാധു ജീവി ഞങ്ങളുടെ പണം കണ്ടതും അച്ചടക്കത്തോടെ ഞങ്ങളുടെ സമീപത്ത് ഇരുന്നു. വാരി പൊത്തിയ കൺമഷി... കൈ നിറയെ കെട്ടുകൾ... അതിരുകടന്ന ലിപ്സ്റ്റിക്... ഒപ്പം പാനിന്റെ രൂക്ഷമായ ഗന്ധവും. വേശ്യയുടെ വസ്ത്രത്തിൽ തൊടുന്നത് പോലും പാപമാണെന്ന ബൈബിൾ വചനം ഓർത്തിട്ടാണോ എന്നറിയില്ല അടുത്തിരുന്ന ബ്രദർ അല്പം ദൂരത്തേക്ക് മാറിയിരുന്നു. എനിക്കും ശരിയാണെന്ന് തോന്നി, ട്രാൻസ്ജെൻഡേഴ്സിൽ ഒരു വിഭാഗം ലൈംഗിക തൊഴിലാളികളുടെ ജോലിയിലും ഏർപ്പെടുന്നുണ്ടല്ലോ... പെട്ടെന്ന് അവർ ഓർമ്മകളുടെ മാറാപ്പ് അഴിക്കാൻ തുടങ്ങി...

ശരീരം പാകപ്പെടുന്ന സമയത്ത് ഞാൻ ആണും അല്ല പെണ്ണും അല്ല എന്ന ആദ്യമായിട്ടുള്ള തോന്നൽ... ജനിതകത്തിൽ പ്രകൃതിയുടെ തിരുമറി... അപ്പന്റെ പഴി കേട്ടും, തല്ലു കിട്ടിയും ഉള്ള ചെറുപ്പത്തിലെ കണ്ണീർ തോരാത്ത ദിനങ്ങൾ... ഒടുവിൽ രാത്രിയിൽ എന്നോ അപ്പൻ ജനനേന്ദ്രിയത്തിൽ ചൂടുവെള്ളം ഒഴിച്ചു. അതോടെ വീട്ടിൽ നിന്നുമുള്ള ഒളിച്ചോട്ടം. മഹാരാഷ്ട്രയിലെ തെരുവുകളിൽ ജീവിക്കാൻ വേണ്ടിയുള്ള ഭിക്ഷാടനം. ആരൊക്കെയോ അവളെ ലൈംഗിക തൃപ്തിക്കായി ഉപയോഗിക്കുന്നു... പിന്നീടങ്ങോട്ട് ശരീരം വിറ്റുകൊണ്ടുള്ള ജീവിതം. ചില ദിവസങ്ങളിൽ 10 പേർ... ചിലപ്പോൾ അഞ്ച്. എന്നാൽ ഇപ്പോൾ ഒറ്റ ആഗ്രഹം മാത്രമേ അവൾക്ക് ബാക്കിയുള്ളൂ. എന്നെങ്കിലും അമ്മയെ ഒന്ന് കാണണം; അമ്മയുടെ കൂടെയിരുന്ന് ഒരുപിടി ചോറു കഴിക്കണം. ഇത്രയും കേട്ടതും അനുസരണം ശീലിക്കാത്ത ഭൃത്യനെ പോലെ കണ്ണുനീർ ഞങ്ങൾ പലരുടെയും മിഴികളിൽ നിന്നും ഒഴുകാൻ തുടങ്ങി. ഒടുവിൽ ഞങ്ങൾ പണം നീട്ടിയപ്പോൾ അവൾ പണം നിരസിച്ചു കൊണ്ട് പറഞ്ഞു. 'എത്ര നാളായി എന്നറിയോ മക്കളെ എന്നെ ആരെങ്കിലും ഒന്ന് കേട്ടിട്ട്...'

ഇത്രയും പറഞ്ഞുകൊണ്ട് അവൾ പൻവേൽ സ്റ്റേഷനിലെ തിരക്കുകളിൽ അപ്രത്യക്ഷമായി. ഈശോമിശിഹായ്ക്കും സ്തുതിയായിരിക്കട്ടെ...

തുടരും...

www.Marianpilgrimcentre.com
YouTube St Mary's Forane Church Chalakudy
St Mary's Forane Church Cky
St Marys Forane Church, Marianpilgrimcentre,Chalakudy

കർത്താവിനെ അന്വേഷിക്കുവിൻ; നീതിയും വിനയവും അന്വേഷിക്കുവിൻ (സെഫ 2:3)

ചാലക്കുടി സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ

# വചനാഭിഷേക സായാഹ്നം

സായാഹ്ന ബൈബിൾ കൺവെൻഷൻ

എല്ലാ 2-ാം ഞായറാഴ്ചകളിലും

2026 മെയ് 10 ഞായർ

വൈകീട്ട് 6.30 മുതൽ 10 മണി വരെ



നയിക്കുന്നത്

ഫാ. നോബിൾ തോട്ടത്തിൽ HGN

(Asst.Director, Good News Retreat Centre, Pampady, Kottayam)

ദിവ്യബലി, കുമ്പസാരം, ജപമാല, വചനപ്രഘോഷണം, ആരാധന


## ഉപകാരസ്മരണ




മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ദൃശ്യവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷ വിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും, അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ

ദിവസവും 9 പ്രാവശ്യം ഈ നൊവേന ചൊല്ലുക. നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഇത് ഒരു കാലവും സഫലമാകാതിരിക്കില്ല.

വി. യൂദാശ്ലീഹായുടെ മാദ്ധ്യസ്ഥതയാൽ ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദിപൂർവ്വം ഉപകാരസ്മരണ.

ബാബു പുന്നശ്ശേരി

## ഉപകാരസ്മരണ



മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ദൃശ്യവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷ വിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും, അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ

ദിവസവും 9 പ്രാവശ്യം ഈ നൊവേന ചൊല്ലുക. നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഇത് ഒരു കാലവും സഫലമാകാതിരിക്കില്ല.

വി. യൂദാശ്ലീഹായുടെ മാദ്ധ്യസ്ഥതയാൽ ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദിപൂർവ്വം ഉപകാരസ്മരണ.

വിശ്വാസി


## ഉപകാരസ്മരണ



ദിവ്യകാരുണ്യ ഈശോയോട്
പ്രാർത്ഥിച്ചതിന്റെ ഫലമായി
ഇഷ്ടകാര്യം സാധിച്ചതിന്
ഉപകാരസ്മരണ.

വിശ്വാസി

കർത്താവിൽ ആശ്രയിക്കുന്നവർ അചഞ്ചലമായി എന്നേക്കും നിലകൊള്ളുന്ന സീയോൻ പർവ്വതം പോലെയാണ്. (സങ്കീ. 125:1)



# തൊഴിലാളിയായിരുന്ന വിശുദ്ധ യൗസേപ്പിതാവ്

തിരുനാൾ : മെയ് 1

പരിത്ര രേഖകളിൽ വിശുദ്ധ യൗസേപ്പിന്റെ ജീവിതത്തെക്കുറിച്ച് വളരെ ചെറിയ വിവരണമേയുള്ളൂ. എന്നിരുന്നാലും, പരി. മറിയത്തിന്റെ വിശുദ്ധിയുള്ള ഭർത്താവ്, യേശുവിന്റെ വളർത്തച്ഛൻ, ഒരു മരാശാരി, ദരിദ്രനായ ഒരു മനുഷ്യൻ തുടങ്ങിയ വിശുദ്ധനെക്കുറിച്ചുള്ള കാര്യങ്ങൾ നമുക്കെല്ലാവർക്കും അറിവുള്ളതാണല്ലോ. അദ്ദേഹം ദാവീദിന്റെ രാജകീയ വംശത്തിൽപ്പെട്ടവനായിരുന്നുവെന്ന കാര്യവും നമുക്കറിയാം.

സമ്പത്തിനോട് ആർത്തിയില്ലാത്തവനായിരുന്നു വിശുദ്ധ യൗസേപ്പ് പിതാവ്. തൊഴിലിനു കൊടുക്കുന്ന കൂലി കൊണ്ട് അദ്ദേഹം തൃപ്തനായി. ദൈവത്തിലുള്ള അചഞ്ചലമായ പ്രത്യാശയാണ് വി. യൗസേപ്പിനെ നയിച്ചിരുന്നത്. ആകാശത്തിലെ പറവകളെ പോറ്റുകയും വയലിലെ ലില്ലികളെ അലങ്കരിക്കുകയും ചെയ്യുന്ന സ്വർഗ്ഗസ്ഥനായ ദൈവത്തിന്റെ പൈതൃക പരിലാളനയിൽ പരിപൂർണ്ണ വിശ്വാസം അർപ്പിച്ചുകൊണ്ട് അദ്ധ്വാനപൂർണ്ണവും ക്ലേശഭൂയിഷ്ഠവുമായ ജീവിതം അദ്ദേഹം നയിച്ചു. വി. യൗസേപ്പ് ദരിദ്രനായി ജനിച്ചതുകൊണ്ടായിരിക്കണം അദ്ദേഹത്തിന് ദരിദ്രരോടു പിതൃതുല്യമായ സ്നേഹമാണുള്ളത്. മനുഷ്യന്റെ പരിത്രാണ പരിപാടിയിൽ തൊഴിലിനു ശ്രദ്ധേയമായ സ്ഥാനമുണ്ട്. അത് നമ്മെ മനസ്സിലാക്കുന്നതിനു വേണ്ടിയാണ് ദൈവകുമാരനും അവിടുത്തെ വളർത്തു പിതാവും ഒരു തച്ചന്റെ ജോലി ചെയ്തത്.

രക്ഷാകര പദ്ധതിയിൽ പരി. കന്യകാമറിയം കഴിഞ്ഞാൽ ഈശോമിശിഹായോട് ഏറ്റവും കൂടുതൽ സഹകരിച്ച വ്യക്തി വി. യൗസേപ്പാണെന്ന കാര്യത്തിൽ തർക്കമില്ല. മനുഷ്യാവതാര കർമ്മത്തിൽ ഒരു നിശ്ശബ്ദസാക്ഷിയായി വർത്തിച്ചുകൊണ്ടും ഉണ്ണി മിശിഹായെ ജീവാപായത്തിൽ നിന്നും രക്ഷിച്ചും വി. യൗസേപ്പ് രക്ഷാകരകർമ്മത്തിൽ സുപ്രധാനമായ പങ്കു വഹിച്ചു. കൂടാതെ ദിവ്യകുമാരനെ സംരക്ഷിക്കുവാനും വളർത്തുവാനും വന്ദ്യപിതാവ് ഏറെ കഠിനാദ്ധ്വാനം ചെയ്തു.

രേഖകളിലുള്ള വി.യൗസേപ്പിതാവിന്റെ വിവരണമനുസരിച്ച് അദ്ദേഹം ഒരു അനുകമ്പയുള്ള

എന്റെ മകനേ, നീ കർത്തൃശുശ്രൂഷയ്ക്ക് ഒരുങ്ങുന്നെങ്കിൽ പ്രലോഭനങ്ങളെ നേരിടാൻ ഒരുങ്ങിക്കൊള്ളുക. (പ്രഭാ 2:1)

മനുഷ്യനും സർവ്വോപരി ദൈവേഷ്ടത്തിനനുസരിച്ച് പ്രവർത്തിക്കുന്നവനുമായിരുന്നു. തിരുകുടുംബത്തിന്റെ അഭിവൃദ്ധിക്ക് വേണ്ടി അദ്ദേഹം സദാ സന്നദ്ധനായിരുന്നു. യേശുവിന്റെ പരസ്യ ജീവിതകാലത്തും, മരണസമയത്തും, ഉത്ഥാനസമയത്തും വി.യൗസേപ്പിതാവിനെ നമുക്ക് കാണുവാൻ കഴിയുന്നില്ലെന്നതിനാൽ, യേശുവിന്റെ പൊതുജീവിതം ആരംഭിക്കുന്നതിന് മുൻപ് തന്നെ യൗസേപ്പിതാവ് മരിച്ചിരിക്കാമെന്ന് നിരവധി ചരിത്രകാരന്മാർ വിശ്വസിക്കുന്നു.

നിരവധി കാര്യങ്ങളുടെ മദ്ധ്യസ്ഥ സഹായകൻ കൂടിയാണ് വിശുദ്ധ യൗസേപ്പിതാവ്. ആഗോള സഭയുടെ, മരണാവസ്ഥയിൽ കിടക്കുന്നവരുടെ, പ്രേഷിത ദൗത്യങ്ങളുടെ, മദ്ധ്യസ്ഥനായി അദ്ദേഹത്തെ വണങ്ങുന്നു. കാലാകാലങ്ങളായി 'മെയ് ദിനം' ആചരിക്കുന്നവർക്കും, പണിയെടുക്കുന്നവർക്കുമായി സമർപ്പിച്ചിരിക്കുന്നു. വിശുദ്ധ യൗസേപ്പ് പിതാവിന്റെ ഈ തിരുനാൾ തൊഴിലിന്റെ അന്തസ്സിനെ ഊന്നിപ്പറയുകയും, തൊഴിലാളി സംഘടനകൾക്ക് ഒരു ആത്മീയ മായ വശം നൽകുകയും ചെയ്യുമെന്ന് പിയൂസ് പന്ത്രണ്ടാമൻ പാപ്പാ പറഞ്ഞിട്ടുണ്ട്.

യേശുവിന്റെ വളർത്തച്ഛനും, ആഗോള സഭയുടെ മാദ്ധ്യസ്ഥനുമായി തീർന്ന ഒരു തൊഴിലാളിയായ വി.യൗസേപ്പിതാവിനെ ഈ ദിനത്തിൽ ആദരിക്കുന്നത് ഏറെ അനുഗ്രഹദായകമാണ്. ആരാധനാക്രമ സൂചികയിൽ വി. യൗസേപ്പിന്റെ പേരിൽ രണ്ട് തിരുനാളുകൾ ഉണ്ട്. ഒന്നാമത്തേത്, പരി.മറിയത്തിന്റെ ഭർത്താവെന്ന നിലയിൽ മാർച്ച് 19 നും രണ്ടാമത്തേത് മെയ് 1 ന് തൊഴിലാളിയെന്ന നിലയിലും തിരുനാൾ ആഘോഷിക്കുന്നു.

"വളരെയേറെ ആത്മീയതയുള്ള ഒരു മനുഷ്യനായിരുന്നു വിശുദ്ധ യൗസേപ്പിതാവ്. അടിയുറച്ച വിശ്വാസമുള്ള ഒരു മനുഷ്യൻ, അതിന്റെ കാരണം വിശുദ്ധന്റെ സ്വന്തം വാക്കുകളല്ല മറിച്ച് ജീവിക്കുന്ന ദൈവത്തിന്റെ വാക്കുകൾ അദ്ദേഹം ശ്രവിച്ചതു മൂലമാണ്. നിശബ്ദതയിൽ ജീവിക്കുന്ന ദൈവത്തിന്റെ വാക്കുകളിൽ അടങ്ങിയിട്ടുള്ള സത്യത്തെ സ്വീകരിക്കുവാൻ അദ്ദേഹത്തിന്റെ ഹൃദയം സദാ സന്നദ്ധമായിരുന്നു" ജോൺപോൾ രണ്ടാമൻ പാപ്പാ യൗസേപ്പ് പിതാവിനെ അനുസ്മരിച്ച് പറഞ്ഞ വാക്കുകളാണിത്.

വിശുദ്ധകുർബ്ബാനയിലും, ആരാധനാക്രമങ്ങളിലും, വിശ്വാസത്തിന്റെ വെളിച്ചത്തിൽ മനുഷ്യ അദ്ധ്വാനത്തിന്റെ പ്രാധാന്യത്തെ എടുത്ത് കാട്ടുന്ന മതപ്രബോധനങ്ങളുടെ ഒരു സമന്വയം തന്നെ കാണാവുന്നതാണ്. ആധുനിക ലോകത്തെ സഭയെക്കുറിച്ചുള്ള രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ രേഖകളിലെ പ്രാരംഭ പ്രാർത്ഥനയിൽ തന്നെ, പ്രപഞ്ചത്തിന്റെ സൃഷ്ടാവും പാലകനുമായ ദൈവം, എല്ലാ പ്രായത്തിലുമുള്ള പുരുഷനേയും, സ്ത്രീയേയും തങ്ങളുടെ കഴിവുകൾ വികസിപ്പിക്കുവാനും മറ്റുള്ളവരുടെ ഉപകാരത്തിനായി ഉപയോഗിക്കുവാനും ആവശ്യപ്പെടുന്നതായി പ്രസ്താവിച്ചിരിക്കുന്നു.

പ്രാരംഭ പ്രാർത്ഥനയുടെ രണ്ടാംഭാഗത്തിൽ, 'ദൈവം നമ്മോടു പറഞ്ഞ ജോലി പൂർത്തിയാക്കുമെന്നും, ദൈവം വാഗ്ദാനം ചെയ്ത പ്രതിഫലം സ്വീകരിക്കുമെന്നു പറയുന്നുണ്ട്. സഖറിയായുടെ ലഘു സ്തോത്ര പ്രാർത്ഥനയിൽ ഇപ്രകാരം പറയുന്നു, "വിശുദ്ധ യൗസേപ്പ് വിശ്വസ്തതാപൂർവ്വം തന്റെ മരപ്പണി ചെയ്തുവന്നു. എല്ലാ തൊഴിലാളികൾക്കും അദ്ദേഹം ഒരു തിളങ്ങുന്ന മാതൃകയാണ്."

വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാളിന് വേണ്ടിയുള്ള ആരാധനാക്രമങ്ങൾ, ജോലി ചെയ്യുവാനുള്ള അവകാശത്തെ സമർത്ഥിക്കുന്നവയാണ്. ഈ ആധുനിക സമൂഹത്തിൽ കേൾക്കേണ്ടതും, മനസ്സിലാക്കേണ്ടതുമായ ഒരു സന്ദേശമാണത്.

മാർപാപ്പമാരായ ജോൺ പോൾ ഇരുപത്തിമൂന്നാമൻ, പോൾ ആറാമൻ, ജോൺ പോൾ രണ്ടാമൻ എന്നിവർ പുറത്തിറക്കിയ രേഖകളിലും, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ രേഖകളിലും, വി.യൗസേപ്പിന്റെ മാതൃകയെ അവലംബിച്ച് ഒരാളുടെ തൊഴിലിലേക്ക് ഊറിയിറങ്ങേണ്ട ക്രിസ്തീയ ആത്മീയതയെക്കുറിച്ചുള്ള പരാമർശങ്ങൾ ഉണ്ട്. കുടുംബത്തെ സംരക്ഷിച്ചുകൊണ്ട് തൊഴിൽ ചെയ്യുന്നതിന് ഒരു പ്രത്യേക അന്തസ്സ് ഉണ്ടെന്നും രേഖകൾ കൂട്ടിച്ചേർക്കുന്നു.

കടപ്പാട്: പ്രവാചകശബ്ദം

ജീവിതകാലം മുഴുവൻ നിന്റെ പ്രവർത്തികൾ നീതിനിഷ്ഠമായിരിക്കട്ടെ (തോബി 4:5)











# വിശുദ്ധവാരത്തിലൂടെ...












MOULD
YOUR
FUTURE

NIRMALA
NiR
INSTI
MELOO

# MORE THAN JU



Nirmala College of Arts and Science
&
Nirmala College of Health Science
ACCREDITED WITH
NAAC
A
GRADE

## COURSES OFFERED

### ENGINEERING (B.Tech - 4 Years)

AI & DATA SCIENCE | MECHATRONICS
COMPUTER SCIENCE | MECHANICAL | CIVIL
**MCA** (MASTER OF COMPUTER APPLICATIONS) *
☎ 96331 66248

### MANAGEMENT (MBA - 2 Years)

INFORMATION SYSTEMS | DATA SCIENCE
FINANCE | MARKETING | HUMAN RESOURCE
OPERATIONS (LOGISTICS)
☎ 94978 26539

### POLYTECHNIC (Diploma - 3 Years)

MECHANICAL | CIVIL | CHEMICAL
AUTOMOBILE | ELECTRICAL & ELECTRONICS
COMPUTER ENGINEERING
☎ 90373 02190

### ARTS & SCIENCE

**M.COM.**
**MTTM** (TRAVEL & TOURISM MGMT.)
**B.Com.** (FINANCE, CA)
**BCA** | **BBA** | **BA** MULTIMEDIA
**BA** GRAPHIC DESIGN & ANIMATION
**B.Sc.** FOOD TECHNOLOGY
**B.Sc.** PSYCHOLOGY

**B.Sc.** ARTIFICIAL INTEL
**B.Sc.** COMPUTER SCIEN
**B.Sc.** COSTUME & FASH
**B.Sc.** HOTEL MGMT. & C
**B.Sc.** IT (INFORMATION
**BTTM** (TRAVEL & TOUR
**BHA** (HOTEL ADMINIST
**BSW** (SOCIAL WORK) *

☎ 90373 02187

### PHARMACY

**Pharm. D** (DOCTOR OF PHARMACY) Clinical Pharmacy Practice at Apollo
**M.Pharm.** (MASTER OF PHARMACY - 2 Years) | **D.Pharm.** (DIPLOMA IN P
**B.PHARM.** (BACHELOR OF PHARMACY - 4 Years)
☎ 90373 02193

## SKILL DEVELOPMENT COURSES

Artificial Intelligence | Data Science | Cyber Security | Machine Learning | Python | Aviation & Airport Mgmt. | Airp
Handling | IATA | Logistics & SCM | TALLY/GST | Excel & Tableau | SAP | Food Safety & Quality Analysis | HACCP Lev
QA/QC/MEP | Robotic Automation | Quantity Surveying | Oil & Gas Technology

INTERNSHIPS AND ON THE JOB TRAINING PROVIDED

For Enquiries: 91885

MALA
TUTIONS
R, CHALAKUDY

NIRMALA COLLEGE
72
YEARS OF SERVICE

# UST A DEGREE!



LIGENCE
ICE
HON DESIGNING
CULINARY ARTS
TECHNOLOGY)
RSM MGMT.)
RATION)

Hospital, Karukutty
HARMACY - 2 Years)

port Passenger
el 3 & FOSTAC |

Make the most of your
# College Life

| | | |
|---|---|---|
| **4500+** STUDENTS ON CAMPUS | **40+** COURSES | **1 LAKH+** ALUMNI NETWORK |
| **184+** RECRUITING COMPANIES | IMPECCABLE **PLACEMENT RECORDS** | **400+** TEACHING PROFESSIONALS |

26652 | nirmalacollege.edu.in



# സ്നേഹസ്മരണയ്ക്ക്

## 1-ാം ചരമവാർഷികം



### അറയ്ക്കൽ മാളക്കാരൻ വർഗ്ഗീസ് ഭാര്യ

# മേരി

ജനനം : 24.05.1953 മരണം : 04.05.2025

[illegible]

പ്രാർത്ഥനാപൂർവ്വം : കുടുംബാംഗങ്ങൾ



# വിശുദ്ധ ഡൊമിനിക്ക് സാവിയോ

തിരുനാൾ : മെയ് ൬

വടക്കൻ ഇറ്റലിയിലെ പിഡ്മോണ്ട് പ്രവിശ്യയിലെ ചിയേരി പട്ടണത്തിനടുത്തുള്ള റിവാ എന്ന ഗ്രാമത്തിൽ 1842 ഏപ്രിൽ 2നാണ് വിശുദ്ധ ഡൊമിനിക് സാവിയോ ജനിച്ചത്. ദരിദ്രരും കഠിനാദ്ധ്വാനികളും ദൈവഭക്തരുമായിരുന്ന ചാൾസ്-ബ്രിജിഡ് ദമ്പതികളുടെ 11 മക്കളിൽ രണ്ടാമത്തവനായിട്ടായിരുന്നു വിശുദ്ധന്റെ ജനനം. ഒരു കൊല്ലപ്പണിക്കാരനായിരുന്നു വിശുദ്ധന്റെ പിതാവായിരുന്ന ചാൾസ്. വിശുദ്ധ ഡോൺ ബോസ്കോ രചിച്ച വിശുദ്ധന്റെ ജീവചരിത്രം വഴിയും, ഡൊമിനിക് സാവിയോയുടെ കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ എന്നിവർ വഴിയുമാണ് വിശുദ്ധനെക്കുറിച്ചുള്ള വിവരങ്ങൾ നമുക്ക് ലഭ്യമായത്.

ഡൊമിനിക് വളരെ സമർത്ഥനായ ഒരു വിദ്യാർത്ഥിയായിരുന്നു. ദിവസംതോറും ഏതാണ്ട് 12 മൈലുകളോളം സഞ്ചരിച്ചായിരുന്നു വിശുദ്ധൻ സ്കൂളിൽ പോയിരുന്നത്. തന്റെ കോപത്തിലും മറ്റ് വികാരങ്ങളിലും വിശുദ്ധനു അപാരമായ നിയന്ത്രണം ഉണ്ടായിരുന്നു. ഡൊമിനിക് തന്റെ ഏഴാമത്തെ വയസ്സിൽ തന്നെ ആദ്യ കുർബ്ബാന സ്വീകരിച്ചു. തന്റെ ആദ്യകുർബ്ബാന സ്വീകരണത്തിന്റെ ദിവസം അടുത്തപ്പോൾ വിശുദ്ധൻ നാല് ദൃഢപ്രതിജ്ഞകൾ എഴുതി വെച്ചു.

(1) ദൈവം എന്നെ കുമ്പസാരിക്കാൻ അനുവദിക്കുന്നിടത്തോളം കാലം ഞാൻ കുമ്പസാരിക്കുകയും വിശുദ്ധ കുർബ്ബാന സ്വീകരിക്കുകയും ചെയ്യും.

2) ഞായറാഴ്ചകളും കടപ്പെട്ട അവധി ദിനങ്ങളും ഞാൻ പ്രത്യേകമായി ആചരിക്കും.

(3) യേശുവും, മറിയവുമായിരിക്കും എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കൾ.

(4) മരിക്കേണ്ടി വന്നാലും ഞാൻ പാപം ചെയ്യുകയില്ല. ഇവയായിരുന്നു ആ തീരുമാനങ്ങൾ.

7 വയസ്സ് മാത്രം പ്രായമുള്ള ഒരു ബാലന്റെ പ്രായത്തിൽ കവിഞ്ഞ പക്വതയോടെയാണ് ആ തീരുമാനങ്ങൾ വെളിവാക്കിയത്. ഈ തീരുമാനങ്ങൾ കർശനമായി അനുസരിച്ചായിരുന്നു വിശുദ്ധൻ പിന്നീട് ജീവിച്ചത്. ചെറുപ്പകാലത്ത് വിശുദ്ധനിലുണ്ടായിരുന്ന എളിമയുടേയും, ദയയുടേയും അഗാധത വെളിവാക്കുന്ന ഒരു സംഭവം:– ഒരിക്കൽ ഡൊമിനിക്കന്റെ സ്കൂളിലെ സഹപാഠിയായ വിദ്യാർത്ഥി ഒരു ഗുരുതരമായ

ഉലയിൽ സ്വർണ്ണമെന്നപോലെ അവിടുന്ന് അവരെ ശോധന ചെയ്തു (ജ്ഞാനം 3:6).

തെറ്റ് ചെയ്യുകയും ആ കുറ്റം വിശുദ്ധനിൽ ആരോപിക്കുകയും ചെയ്തു. അദ്ധ്യാപകൻ വിശുദ്ധനെ സ്കൂളിൽ നിന്നും പുറത്താക്കുമെന്ന് ഭീഷണിപ്പെടുത്തി. ക്ലാസിന്റെ മുൻപിൽ വെച്ച് അദ്ധ്യാപകൻ വിശുദ്ധനെ കഠിനമായി ശകാരിച്ചു. വിശുദ്ധൻ ഒരക്ഷരവും മിണ്ടാതെ തലകുമ്പിട്ട് നിന്നുകൊണ്ട് അവയെല്ലാം കേട്ടു.

പിന്നീട് കുറ്റക്കാരനെ കണ്ടെത്തിയ അദ്ധ്യാപകൻ, വിശുദ്ധനെ താൻ ശകാരിച്ചതിൽ കുറ്റബോധം തോന്നുകയും വിശുദ്ധനോട് താൻ എന്തുകൊണ്ടാണ് തന്റെ നിരപരാധിത്വം വെളിപ്പെടുത്താതിരുന്നതെന്ന് ചോദിച്ചപ്പോൾ അദ്ദേഹം കൊടുത്ത മറുപടി ഇപ്രകാരമായിരുന്നു. "മറ്റ് ചില കാരണങ്ങൾ മൂലം ആ കുട്ടി ഇതിനോടകം തന്നെ കുഴപ്പത്തിലാണ് എന്ന കാര്യം എനിക്കറിയാമായിരുന്നു. നമ്മുടെ രക്ഷകനായ യേശു അന്യായമായി കുറ്റാരോപിതനായ കാര്യം ഞാൻ ഓർത്തു. ഞാൻ നിശബ്ദനായി നിൽക്കുകയാണെങ്കിൽ അത് അവന് മറ്റൊരു അവസരം കൂടി നൽകും." ഇതായിരുന്നു വിശുദ്ധന്റെ മറുപടി. ഈ സംഭവം നടക്കുമ്പോൾ വിശുദ്ധനു വെറും 11 വയസ്സ് മാത്രമായിരുന്നു പ്രായം. 1854 ഒക്ടോബറിന്റെ ആരംഭത്തിൽ ഡൊമിനിക് സാവിയോ, വിശുദ്ധ ഡോൺ ബോസ്കോയുടെ ടൂറിനിലുള്ള വിശുദ്ധ ഫ്രാൻസിസ് ഡി സാലെസ് സ്കൂളിൽ ചേർന്നു.

ഡൊമിനിക്കിന്റെ ജീവിതത്തിലെ മറ്റൊരു സംഭവം– 1854 ഡിസംബർ 8ന് പീയൂസ് ഒമ്പതാമൻ പാപ്പ 'മാതാവിന്റെ അമലോത്ഭവ ഗർഭധാരണമെന്ന' സിദ്ധാന്തം പ്രഖ്യാപിച്ചു. വിശുദ്ധ ഡോൺബോസ്കോയും, സലേഷ്യൻ സന്യാസിമാരും, ഡൊമിനിക് ഉൾപ്പെടെയുള്ള വിദ്യാർത്ഥികളും ആ ദിവസത്തിന്റെ ആഘോഷത്തിനായി നല്ല രീതിയിലുള്ള തയ്യാറെടുപ്പുകൾ നടത്തി. മുഴുവൻ സമൂഹവും ദേവാലയത്തിൽ ഒന്നിച്ച് കൂടുകയും, പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും അവർ തങ്ങളെ തന്നെ പരിശുദ്ധ അമ്മയ്ക്ക് മുന്നിൽ സമർപ്പിക്കുകയും ചെയ്തു.

ആ അവസരത്തിൽ ഡൊമിനിക് തന്റെ ആദ്യ കുർബ്ബാന സമയത്ത് താൻ ചെയ്ത തീരുമാനങ്ങളെ കുറിച്ച് ഓർക്കുകയും അവയെ പുതുക്കുകയും ചെയ്തു. "ആ ദിവസം മുതൽ, ഡൊമിനിക് നന്മയിൽ വളരെയേറെ പുരോഗമിച്ചു, അവനെ കുറിച്ച് ഞാൻ ശ്രദ്ധിച്ചകാര്യങ്ങളെല്ലാം ഞാൻ എഴുതിവെക്കുക പതിവായിരുന്നു." വിശുദ്ധ ഡോൺ ബോസ്കോയുടെ വാക്കുകളാണിവ.

1855-ലെ നോമ്പ് കാലത്തെ രണ്ടാം ഞായറാഴ്ച, വിശുദ്ധ ഡോൺബോസ്കോ തന്റെ വിദ്യാർത്ഥികൾക്ക് മുൻപാകെ വിശുദ്ധൻമാരെ കുറിച്ചൊരു പ്രഭാഷണം നടത്തി. ആ പ്രഭാഷണം ഡൊമിനിക് സാവിയോയുടെ മനസ്സിൽ പതിയുകയും ഒരു വിശുദ്ധനായി തീരണമെന്ന ആഗ്രഹം അവനിൽ ഉദിക്കുകയും ചെയ്തു. ഒരു വിശുദ്ധനാകണമെന്ന ലക്ഷ്യത്തോടു കൂടി അവൻ തന്റെ ദൗത്യങ്ങളെല്ലാം വളരെയേറെ സന്തോഷത്തോടും കൃത്യമായും നിർവഹിച്ചു.

തന്റെ സഹപാഠികൾക്കെല്ലാം വിശുദ്ധൻ ഒരു മാതൃകയായിരുന്നു. ക്രിസ്തുവിനു വേണ്ടി സഹനം അനുഭവിക്കുന്നതിനായി വിശുദ്ധൻ തന്റെ കിടക്കയിൽ കൂർത്ത പാറകഷണങ്ങളും, ലോഹ കഷണങ്ങളും വിതറിയിട്ടായിരുന്നു ഉറങ്ങിയിരുന്നത്. വിശുദ്ധ ഡോൺബോസ്കോയുടെ സ്കൂളിലെ വിദ്യാഭ്യാസം വിശുദ്ധനെ വളരെയേറെ പക്വതയിൽ വളരുവാൻ സഹായിച്ചു. അധികം താമസിയാതെ ഡൊമിനിക് വിശുദ്ധ ഡോൺബോസ്കോയുടെ യുവത്വ മിനിസ്ട്രിയിൽ അംഗമായി ഒരു യുവ പ്രേഷിതനായി മാറി.

ഒരിക്കൽ വിശുദ്ധൻ പഠിക്കുന്ന സ്കൂളിലെ രണ്ട് കുട്ടികൾ തമ്മിൽ ഒരു വാക്ക്തർക്കമുണ്ടാവുകയും, അക്കാലത്തെ പതിവനുസരിച്ച് പരസ്പരം കല്ലെറിഞ്ഞുള്ള യുദ്ധം വഴി തങ്ങളുടെ തർക്കത്തിന് പരിഹാരം കണ്ടെത്തുവാൻ തീരുമാനിക്കുകയും ചെയ്തു. ഇതറിഞ്ഞ ഡൊമിനിക് അവരോടു അപ്രകാരം ചെയ്യരുതെന്നാപേ

ഞാൻ അവിടുത്തെ കരുണയിൽ ആശ്രയിക്കുന്നു; എന്റെ ഹൃദയം അങ്ങയുടെ രക്ഷയിൽ ആനന്ദംകൊള്ളും. (സങ്കീ. 13:5)

ലഭിച്ചെങ്കിലും അവർ അത് ചെവിക്കൊണ്ടില്ല. തുടർന്ന് പരസ്പരം കല്ലെറിയുവാൻ തയ്യാറായി നിൽക്കുന്ന അവരുടെ മധ്യത്തിൽ ക്രൂശിതരൂപവും കയ്യിൽ പിടിച്ചുകൊണ്ട് വിശുദ്ധൻ നിലയുറപ്പിച്ചു. അവരോടു തന്റെ കയ്യിൽ പിടിച്ചിരിക്കുന്ന ക്രൂശിതരൂപത്തിൽ നോക്കിക്കൊണ്ട് ആദ്യത്തെ കല്ല് തനിക്ക് നേരെയെറിയുവാൻ വിശുദ്ധൻ ആവശ്യപ്പെട്ടു.

അതിന് കഴിയാത്ത ആ കുട്ടികൾ തങ്ങളുടെ വൈരാഗ്യം മറന്നു പരസ്പരം സ്നേഹത്തിലായി. ആ കുട്ടികളിൽ ഒരാൾ പിന്നീട് ഇപ്രകാരം പറയുകയുണ്ടായി, "ആ നിമിഷത്തിൽ, എന്റെ എല്ലാ ധൈര്യവും ചോർന്ന് പോയി, ഒരു കുളിരനുഭവപ്പെട്ടു. ഡൊമിനിക് അത്തരമൊരു പ്രവർത്തി ചെയ്യുവാൻ കാരണമായതിനാൽ ഞാൻ ലജ്ജിച്ചു. എന്നെ അധിക്ഷേപിച്ച ആ കുട്ടിക്ക് ഞാൻ മാപ്പ് നൽകുകയും, ഡൊമിനിക്കിനോട് തന്റെ കുമ്പസാരം കേൾക്കുവാൻ ഒരു നല്ല പുരോഹിതനെ കാണിച്ചു തരുവാൻ ആവശ്യപ്പെടുകയും ചെയ്തു."

മാതാവിന്റെ അമലോത്ഭവ ഹൃദയത്തോടു വിശുദ്ധൻ ഒരു പ്രത്യേക സ്നേഹം വെച്ചു പുലർത്തിയിരുന്നു. "മറിയമേ ഞാൻ എപ്പോഴും നിന്റെ മകനായിരിക്കുവാൻ ആഗ്രഹിക്കുന്നു. എന്റെ വിശുദ്ധിക്ക് എതിരായി ഒരു ചെറിയ പാപമെങ്കിലും ചെയ്യേണ്ടി വരികയാണെങ്കിൽ, അതിന് പകരം എന്നെ മരിക്കുവാൻ അനുവദിക്കുക." പരിശുദ്ധ അമ്മയോട് വിശുദ്ധൻ പ്രാർത്ഥിച്ചിരുന്നത് ഇങ്ങനെയായിരുന്നു.

എല്ലാ വെള്ളിയാഴ്ചകളിലും വിശുദ്ധൻ ദേവാലയത്തിൽ പോയി പ്രാർത്ഥിക്കുമായിരുന്നു. മാതാവിനോടുള്ള വിശുദ്ധന്റെ ഭക്തിയെ കുറിക്കുന്ന ഒരു സംഭവം ഇവിടെ കുറിക്കുന്നു. ഡൊമിനിക്കിന്റെ കിടപ്പുമുറിയിലെ കുട്ടികൾ എല്ലാവരും കൂടി മെയ് മാസത്തിൽ മാതാവിനെ വണങ്ങുവാനായി മാതാവിന്റെ ഒരു ചെറിയ കോവിൽ പണിയുവാൻ തീരുമാനിച്ചു. വിശുദ്ധൻ ഇതിൽ വളരെയേറെ ആവേശഭരിതനായിരുന്നു. എന്നാൽ ഒരു ചില്ലിക്കാശ് പോലും അതിന്റെ നിർമ്മാണത്തിനായി നൽകുവാൻ തന്റെ കയ്യിൽ ഇല്ലെന്ന് മനസ്സിലാക്കിയ വിശുദ്ധൻ ആരോ തനിക്ക് സമ്മാനമായി നൽകിയ ഒരു പുസ്തകം സംഭാവനയായി നൽകിയിട്ട് പറഞ്ഞു "ഇപ്പോൾ മറിയത്തിനായി ഞാൻ എന്റെ പങ്കും നൽകി. ഈ പുസ്തകം സ്വീകരിക്കുകയും, വിൽക്കുകയും ചെയ്യുക."

ഈ പ്രവർത്തി മറ്റ് കുട്ടികൾക്ക് ഒരുപാട് ഇഷ്ടമാവുകയും അവരും തങ്ങളുടെ കയ്യിലെ പുസ്തകങ്ങൾ സംഭാവനയായി നൽകുകയും ചെയ്തു. എന്നാൽ പരിശുദ്ധ അമ്മയുടെ തിരുനാളിനു മുൻപായി അതിന്റെ അലങ്കാര പണികൾ തീർക്കുവാൻ തങ്ങൾക്ക് കഴിയുകയില്ലെന്ന് തോന്നിയപ്പോൾ ആ രാത്രിമുഴുവൻ ഉറക്കമിളച്ചുകൊണ്ടു അത് അലങ്കരിച്ചു തീർക്കുവാൻ ഡൊമിനിക് തയ്യാറായി. എന്നാൽ ക്ഷയരോഗത്തെ തുടർന്ന് അവന്റെ ആരോഗ്യസ്ഥിതി മോശമായതിനാൽ മറ്റുള്ള കുട്ടികൾ ഡൊമിനിക്കിനോട് ഉറങ്ങുവാൻ ആവശ്യപ്പെട്ടു. "പക്ഷേ നിങ്ങൾ പണിഞ്ഞു കഴിയുമ്പോൾ എന്നെ വിളിച്ചെഴുന്നേൽപ്പിക്കണം, മാതാവിനായി നാം പണിയുന്ന കോവിൽ ആദ്യമായി കാണുന്ന ആൾ ഞാനായിരിക്കണം" എന്നു പറഞ്ഞുകൊണ്ടാണ് വിശുദ്ധൻ ഉറങ്ങുവാൻ പോയത്.

ഇതിനോടകം തന്നെ വിശുദ്ധനെ ക്ഷയരോഗം കൂടുതലായി ബാധിച്ചിരുന്നു. ഓരോ ദിവസവും മുന്നോട്ട് പോകുംതോറും വിശുദ്ധന്റെ രോഗാവസ്ഥ കൂടുതലായി മൂർച്ഛിച്ചു കൊണ്ടിരുന്നു. 1857 ൽ തന്റെ പതിനഞ്ചാമത്തെ വയസ്സിൽ വിശുദ്ധ ഡൊമിനിക് സാവിയോ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 1954 ൽ പിയൂസ് 12-ാമൻ ഡൊമിനിക്കിനെ വിശുദ്ധനായി പ്രഖ്യാപിച്ചു.

കടപ്പാട് പ്രവാചകശബ്ദം ■

ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്ത് പ്രയോജനം (മത്താ. 16:26)



# സ്നേഹ സ്മരണയ്ക്ക്

## 5-ാം ചരമവാർഷികം

## 20.05.2026



## പോട്ടക്കാരൻ ഔസേഫ് മകൻ

# ദേവസ്സി

ജനനം: 10.06.1936 മരണം: 20.05.2021

**ഞാൻ നിങ്ങളിൽ നിന്ന് അകന്ന് പോയെങ്കിലും**
**എന്റെ സ്നേഹം എന്നും നിങ്ങളോടുകൂടി ഉണ്ടായിരിക്കും.**
**നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കണമേ.**

പ്രാർത്ഥനാപൂർവ്വം – സന്തപ്ത കുടുംബാംഗങ്ങൾ...

## സ്നേഹസ്മരണയ്ക്ക്

## 1–ാം ചരമവാർഷികം



# പുതുശ്ശേരി കാട്ടാളൻ ആഗസ്തി ഭാര്യ

# ത്രേസ്യ

ജനനം : 20.08.1934

മരണം : 10.05.2025

"നിങ്ങളുടെ പ്രാർത്ഥനയിൽ എന്നും
എന്നെയും ഓർക്കണമെ".



# വിശുദ്ധ ജോൺ നെപുംസ്യാൻ

തിരുനാൾ : മെയ് 16

1330ൽ ബൊഹേമിയായിലെ ഒരു ചെറുപട്ടണമായ നെപോമുക്കിലാണ് വിശുദ്ധ ജോൺ ജനിച്ചത്. തങ്ങളുടെ പ്രാർത്ഥനയുടെ ഫലമായിട്ടാണ് വിശുദ്ധനെ ലഭിച്ചതെന്നാണ് അദ്ദേഹത്തിന്റെ മാതാപിതാക്കൾ വിശ്വസിച്ചിരുന്നത്. ജോൺ ജനിച്ച ഉടനെതന്നെ മാരകമായ രോഗം മൂലം ജീവൻ അപകടത്തിലായി. എന്നാൽ പരിശുദ്ധ ദൈവമാതാവിന്റെ മാദ്ധ്യസ്ഥത്തിലുള്ള അവരുടെ ആത്മവിശ്വാസം വിശുദ്ധനെ ആരോഗ്യവാനാക്കി. ഇതിനോടുള്ള നന്ദിപ്രകാശമായി അവര് തങ്ങളുടെ മകനെ ദൈവസേവനത്തിനു സമർപ്പിച്ചു. മകന് മികച്ച വിദ്യാഭ്യാസം നൽകാനും ആ മാതാപിതാക്കൾ മറന്നില്ല. പ്രഭാതങ്ങളിൽ വിശുദ്ധൻ അടുത്തുള്ള ആശ്രമത്തിൽ പോയി ഒന്നിലധികം വിശുദ്ധ കുർബ്ബാനകളിൽ സംബന്ധിക്കുമായിരുന്നു.

പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ വിശുദ്ധൻ ലാറ്റിൻ ഭാഷ പഠിക്കുവാനായി സ്റ്റാസെ എന്ന പട്ടണത്തിലേയ്ക്ക് പോയി. പ്രേഗിലെ സർവ്വകലാശാലയിൽ ചേർന്ന് വിശുദ്ധൻ ത്വശാസ്ത്രവും, ദൈവശാസ്ത്രവും, സഭാ നിയമങ്ങളും പഠിച്ചു. മാത്രമല്ല ദൈവശാസ്ത്രത്തിലും, സഭാ നിയമങ്ങളിലും വിശുദ്ധൻ ഉന്നത ബിരുദവും കരസ്ഥമാക്കി. ചെറുപ്പത്തിൽ തന്നെ പുരോഹിതനാവുക എന്നത് വിശുദ്ധന്റെ ജീവിതാഭിലാഷമായിരുന്നു.

തുടർന്നു തന്റെ പഠനങ്ങളിൽ നിന്നും, നഗരത്തിൽ നിന്നും പിൻവാങ്ങി പ്രാർത്ഥനയും ഉപവാസവുമായി ഒരുമാസത്തോളം ഏകാന്ത ജീവിതം നയിച്ചുകൊണ്ട് ജോൺ ആത്മീയ ജീവിതത്തിനായി തയ്യാറെടുത്തു. വിശുദ്ധന്റെ മെത്രാൻ തന്നെ വിശുദ്ധന് പുരോഹിത പട്ടം നൽകുകയും 'ഔർ ലേഡി ഓഫ് ടെയിൻ' ഇടവകയുടെ ചുമതല ഏൽപ്പിക്കുകയും ചെയ്തു. അധികം താമസിയാതെ മുഴുവൻ നഗരവും വിശുദ്ധനെ കേൾക്കുവാനായി തടിച്ചുകൂടി. വിശുദ്ധന്റെ പ്രഭാഷണങ്ങൾ കേൾക്കുവാനായി ആയിരങ്ങൾ അദ്ദേഹത്തിന്റെ ഇടവകയിലേക്ക് വരാൻ തുടങ്ങി.

1378-ൽ ചാൾസ് നാലാമൻ ചക്രവർത്തി പ്രേഗിൽ വെച്ച് മരണപ്പെട്ടു. അദ്ദേഹത്തിന്റെ മകനായ വെൻസെസ്ലാവൂസ് തന്റെ പിതാവിന്റെ മരണത്തെതുടർന്ന് അധികാരത്തിലെത്തി. ചക്രവർത്തിയാകുമ്പോൾ വെറും പതിനാറ് വയസ്സ് മാത്രം പ്രായമുണ്ടായിരുന്ന വെൻസെസ്ലാവൂസ് അധികാരത്തിനും, മുഖസ്തുതിയിലും മയങ്ങി ദുർവൃത്തിപരമായ ജീവിതത്തിലേർപ്പെടാൻ തുടങ്ങി. അലസതയുടേയും, മദ്യപാനത്തിന്റെ

അവിടുന്ന് മനുഷ്യന് പ്രവൃത്തിക്കൊത്ത പ്രതിഫലം നൽകുന്നു. (സങ്കീ. 62:12)

യും പര്യായമായി മാറി വെൻസെസ്ലാവൂസ്. വിശുദ്ധ ജോണിന്റെ പ്രശസ്തിയെ കുറിച്ച് കേട്ടറിഞ്ഞ അദ്ദേഹം, വിശുദ്ധനോട് തന്റെ രാജധാനിയിൽ അനുതാപത്തെകുറിച്ച് പ്രബോധനം നടത്തുവാൻ ആവശ്യപ്പെട്ടു. എന്നാൽ ഈ ദൗത്യം എത്രമാത്രം അപകടം നിറഞ്ഞതാണെന്ന് വിശുദ്ധനറിയാമായിരുന്നു. എന്നിരുന്നാലും വിശുദ്ധൻ ആ ദൗത്യം സന്തോഷപൂർവ്വം സ്വീകരിക്കുകയും പ്രഭാഷണം നടത്തുകയും ചെയ്തു.

അധികം താമസിയാതെ ചക്രവർത്തിയുൾപ്പെടെ സകലരുടേയും പ്രീതിക്ക് ജോൺ പാത്രമായി. തന്മൂലം ചക്രവർത്തി വിശുദ്ധന് ലെയിട്ടോമെറിറ്റ്സിലെ മെത്രാൻ പദവി വാഗ്ദാനം ചെയ്തെങ്കിലും വിശുദ്ധൻ ആ പദവി സ്വീകരിച്ചില്ല. പിന്നീട് വിച്ചെഹ്റാഡിലെ മെത്രാൻ പദവിക്കടുത്ത സ്ഥാനം (പൊവോസ്റ്റ്ഷിപ്) വാഗ്ദാനം ചെയ്തുവെങ്കിലും അതും വിശുദ്ധൻ നിരസിച്ചു. വിശുദ്ധൻ രാജാവിന്റെ ദാനധർമ്മ പ്രവർത്തികളുടെ മേൽനോട്ടക്കാരനായി ചുമതലയേൽക്കുകയാണ് ചെയ്തത്. ഇത് വിശുദ്ധന് പാവപ്പെട്ടവരെ സഹായിക്കുന്നതിനും, നിരവധി ആത്മാക്കളെ ദൈവത്തിലേക്ക് തിരിക്കുന്നതിനും അവസരം നൽകി.

ചക്രവർത്തിനിയും ഭക്തയുമായിരുന്ന ജെയിനിന്റെ ആത്മീയ ഉപദേശകനും കൂടിയായിരുന്നു വിശുദ്ധൻ. ചക്രവർത്തി അവളെ സ്നേഹിച്ചിരുന്നുവെങ്കിലും എളുപ്പം മനസ്സ് മാറുന്നവനായിരുന്നു. അതിനാൽ തന്നെ ആ രാജകുമാരിക്ക് നിരവധിയായ സഹനങ്ങൾ സഹിക്കേണ്ടതായി വന്നു. എന്നാൽ അവൾ വിശുദ്ധനെ അവളുടെ ആത്മീയ നിയന്താവായി സ്വീകരിച്ചതോടെ വിശുദ്ധന്റെ ഉപദേശങ്ങൾ മൂലം അവൾ തന്റെ സഹനങ്ങളെ ക്ഷമാപൂർവ്വം സഹിക്കുവാൻ പരിശീലിച്ചു.

മുൻപത്തെക്കാൾ അധികമായി അവൾ ഭക്തി കാര്യങ്ങളിൽ ഏർപ്പെട്ടു. മലിനമായ ഹൃദയം എല്ലാത്തിനേയും വിഷമയമാക്കും എന്ന് പറയുന്നത് പോലെ ചക്രവർത്തിനിയുടെ ഭക്തി കാര്യങ്ങൾ വെൻസെസ്ലാവൂസിനെ ദേഷ്യം പിടിപ്പിക്കുകയും അതേചൊല്ലി അവളോടു വാഗ്വാദത്തിൽ ഏർപ്പെടുകയും ചെയ്തു. തന്നെക്കുറിച്ചുള്ള സ്വകാര്യകാര്യങ്ങൾ അവൾ അവളുടെ കുമ്പസാരത്തിൽ വിശുദ്ധന് വെളിപ്പെടുത്തികൊടുത്തിട്ടുണ്ടാവും എന്ന് കരുതിയ ചക്രവർത്തി ആ കുമ്പസാര രഹസ്യങ്ങൾ എങ്ങിനെയെങ്കിലും വിശുദ്ധനിൽ നിന്നും അറിയുവാൻ തീരുമാനിച്ചു.

ആദ്യം നേരിട്ടല്ലാതെ വിശുദ്ധനിൽ നിന്നും വിവരങ്ങൾ ആരാഞ്ഞുവെങ്കിലും ഫലപ്രദമാകാത്തതിനാൽ നേരിട്ട് ചോദ്യം ചെയ്യൽ തുടങ്ങി. എന്നാൽ വിശുദ്ധൻ യാതൊന്നും വെളിപ്പെടുത്തിയില്ല. അതേതുടർന്ന് ക്രൂരനായ ആ ഭരണാധികാരി വിശുദ്ധനെ ക്രൂരമായി പീഡിപ്പിക്കുവാൻ ഉത്തരവിട്ടു. ക്രൂരമായ പീഡനങ്ങൾ ഏല്ക്കുമ്പോഴും വിശുദ്ധൻ യേശുവിന്റെയും, മാതാവിന്റെയും നാമങ്ങൾ ഉച്ചരിക്കുക മാത്രമാണ് ചെയ്തത്. തുടർന്ന് വിശുദ്ധനെ പകുതി മരിച്ച നിലയിൽ വെറുതെ വിട്ടു.

പൂർവ്വാധികം ഭംഗിയായി വിശുദ്ധൻ സുവിശേഷ പ്രഘോഷണം നടത്തി. ഒരിക്കൽ ചക്രവർത്തി തന്റെ കൊട്ടാരത്തിന്റെ ജാലകത്തിലൂടെ നോക്കിയപ്പോൾ പ്രേഗിലെ തെരുവിലൂടെ നടന്നു പോകുന്ന വിശുദ്ധനെ കണ്ടു. ഉടൻതന്നെ വിശുദ്ധനെ കൂട്ടികൊണ്ട് വരുവാൻ ആളെ അയച്ചു. ഒന്നെങ്കിൽ ചക്രവർത്തിനിയുടെ കുമ്പസാര രഹസ്യം തന്നോട് വെളിപ്പെടുത്തുക, അല്ലെങ്കിൽ മരിക്കുവാൻ തയ്യാറായി കൊള്ളുവാൻ പറഞ്ഞു. എന്നാൽ താൻ മരിക്കുവാൻ തയ്യാറായതായി വിശുദ്ധൻ അറിയിച്ചു. തുടർന്ന് ചക്രവർത്തി വിശുദ്ധനെ കൈകാലുകൾ ബന്ധിച്ച് മുൾഡാ നദിയിൽ എറിയുവാൻ ഉത്തരവിട്ടു. 1383 മെയ് 16നായിരുന്നു ഇത് സംഭവിച്ചത്.

എന്റെ രക്ഷ ഭൂമിയുടെ അതിർത്തിവരെ എത്തുന്നതിന് ഞാൻ നിന്നെ ലോകത്തിന്റെ പ്രകാശമായി നൽകും (ഏശ 49:6)

നദിയിലെ വെള്ളത്തിൽ ഒഴുകി കൊണ്ടിരുന്ന വിശുദ്ധന്റെ ശരീരത്തിൽ ഒരു ദിവ്യപ്രകാശം പതിഞ്ഞതായി പറയപ്പെടുന്നു. നദിയിൽ താൻ കണ്ട ദിവ്യപ്രകാശത്തിന്റെ കാരണം ചക്രവർത്തിനി ആരാഞ്ഞപ്പോൾ ചക്രവർത്തി പരിഭ്രാന്തനായി. രാവിലെതന്നെ വിശുദ്ധന്റെ കൊലപാതകത്തെക്കുറിച്ച് ജനങ്ങൾ അറിയുകയും ആ നഗരം മുഴുവനും നദിക്കരയിൽ തിങ്ങി കൂടുകയും ചെയ്തു. പിന്നീട് വിശുദ്ധന്റെ ഭൗതികശരീരം അടുത്തുള്ള ഒരു കത്രീഡലിൽ അടക്കം ചെയ്യുകയും ചെയ്തു. വിശുദ്ധന്റെ ഈ ശവകുടീരത്തിൽ രോഗശാന്തി ഉൾപ്പെടെയുള്ള നിരവധി അത്ഭുതങ്ങൾ നടന്നിട്ടുള്ളതായി പറയപ്പെടുന്നു.

ഈ സംഭവത്തിനു ശേഷം ചക്രവർത്തിനി വളരെ പരിതാപകരമായ ജീവിതം നയിക്കുകയും 1387-ൽ സമാധാനപൂർവ്വം മരിക്കുകയും ചെയ്തു. ക്രൂരനായ ഭരണാധികാരിക്ക് അദ്ദേഹത്തിന്റെ തിന്മപ്രവർത്തിയുടെ ഫലം ലഭിക്കുകയും ചെയ്തു. ആഭ്യന്തര യുദ്ധത്തിൽ സാമ്രാജ്യം വിഭജിച്ചു പോവുകയും 1400-ൽ ചക്രവർത്തി ഭരണത്തിൽ നിന്നും നിഷ്കാസിതനാവുകയും ചെയ്തു.

ചുരുങ്ങിയ വർഷങ്ങൾക്കുള്ളിൽ വിശുദ്ധന്റെ ശവകുടീരത്തിൽ നിരവധി അത്ഭുതങ്ങൾ നടക്കുകയുണ്ടായി. ചക്രവർത്തിമാരായിരുന്ന ഫെർഡിനാന്റ് രണ്ടാമനും, മൂന്നാമനും ജോൺ നെപുംസ്യാന്റെ വിശുദ്ധീകരണത്തിനു വേണ്ടി ശ്രമങ്ങൾ ആരംഭിച്ചു. ചാൾസ് ആറാമന്റെ കാലത്താണ് ജോൺ നെപുംസ്യാനെ വിശുദ്ധനായി പ്രഖ്യാപിക്കുന്നത്. 1719-ൽ വിശുദ്ധന്റെ കല്ലറ തുറക്കുകയുണ്ടായി. 330 വർഷങ്ങൾക്ക് ശേഷവും വിശുദ്ധന്റെ ശരീരത്തിലെ എല്ലുകൾക്ക് യാതൊരു കുഴപ്പവും കൂടാതെയിരിക്കുന്നതായി കണ്ടു.

വിശുദ്ധന്റെ നാക്കിനും യാതൊരു കുഴപ്പവുമുണ്ടായിരുന്നില്ല. ബൊഹേമിയയിൽ വിശുദ്ധന്റെ മരണം മുതൽക്കേ തന്നെ അദ്ദേഹത്തെ ഒരു രക്തസാക്ഷിയായി ആദരിച്ചു വന്നിരുന്നു. വിശുദ്ധന്റെ പേരിലുള്ള അത്ഭുതങ്ങൾ നിയമപരമായി വാസ്തവമാണെന്ന് തെളിയുകയും തുടർന്ന് ബെനഡിക്ട് പതിമൂന്നാമൻ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിക്കുകയും ചെയ്തു.

കടപ്പാട് : പ്രവാചകശബ്ദം


## പ്രീ-കാനാ കോഴ്സുകൾ @ PACS



ഏപ്രിൽ 30, മെയ് 1, 2 - വ്യാഴം, വെള്ളി, ശനി
25, 26, 27 - തിങ്കൾ, ചൊവ്വ, ബുധൻ

ഫോൺ : 0480 - 2880838, 8281298782, 9400608804

**പ്രീകാനാ കോഴ്സിന് രജിസ്ട്രേഷൻ ഫീസ് 1700**
(Including stay), otherwise **1500 രൂപയായിരിക്കും.**


പാരിഷ് ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കേണ്ട പരസ്യങ്ങളും, ലേഖനങ്ങളും, കുടുംബസമ്മേളനം നടക്കുന്ന ഭവനങ്ങളുടെ ഫോട്ടോകളും അതാത് മാസങ്ങളിൽ 15-ാം തിയ്യതിക്കുള്ളിൽ ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കുക.
**പരസ്യങ്ങൾ 15-ാം തിയ്യതിക്കുള്ളിൽ പള്ളി ഓഫീസിൽ നൽകേണ്ടതാണ്.**
**20-ാം തിയ്യതി**ക്കുശേഷം ലഭിക്കുന്ന പരസ്യങ്ങൾ പ്രസിദ്ധീകരിക്കാനുള്ള പേജുകളുടെ ലഭ്യതയനുസരിച്ചേ പരിഗണിക്കുകയുള്ളൂ.

പത്രാധിപസമിതി

പരിച്ഛേദിതനോ അപരിച്ഛേദിതനോ എന്ന് നോക്കേണ്ട; ദൈവകല്പനകൾ പാലിക്കുക എന്നതാണ് സർവ്വപ്രധാനം (1 കോറി 7:19)




## മെയ് മാസത്തെ വചന വിചിന്തനം

## മത്തായി 13 : 44 – 58 (യേശു എന്ന അമൂല്യനിധി)

**ബ്രദർ ലിവിൻ ചക്കൻ, VC**

മിശിഹായിൽ പ്രിയപ്പെട്ടവരേ,

വി. മത്തായിയുടെ സുവിശേഷത്തിൽ 13-ാം അദ്ധ്യായം 44 മുതലുള്ള വാക്യങ്ങളിൽ കാണുന്ന ഉപമയാണ് നിധിയുടെ ഉപമ. ഈ ഉപമയുടെ പ്രത്യേകത ഇങ്ങനെയാണ്. മറ്റ് ഉപമകൾ ദൈവരാജ്യത്തെക്കുറിച്ചും അതിലെ അംഗങ്ങളെക്കുറിച്ചും പറയുന്നതെങ്കിൽ ഇതിൽ ദൈവരാജ്യം കണ്ടെത്തിയ വ്യക്തിയെക്കുറിച്ചാണ് പറയുന്നത്. ദൈവരാജ്യം വയലിൽ മറഞ്ഞുകിടക്കുന്ന നിധിക്കും തുല്യമെന്ന് വി. മത്തായി സുവിശേഷകൻ പറയുന്നു. നമുക്കറിയാവുന്നതുപോലെ പലപ്പോഴും പുരാവസ്തു ഗവേഷകർ പലതരത്തിലുള്ള അമൂല്യനിധികൾ അവരുടെ പര്യവേഷണസമയത്ത് കണ്ടെത്താറുണ്ട്. ചിലപ്പോൾ സാധാരണക്കാർ തങ്ങളുടെ സ്ഥലം വൃത്തിയാക്കാനോ മറ്റെന്തെങ്കിലും ആവശ്യങ്ങൾക്കായി ഉപയോഗിക്കുമ്പോഴോ ചില അമൂല്യവസ്തുക്കൾ കണ്ടെത്തിയതായി നാം കേൾക്കാറുണ്ട്. ഈ ഉപമയിലും ഒരു മനുഷ്യൻ ഒരു അമൂല്യ നിധി കണ്ടെത്തുകയാണ്. ആ അമൂല്യ നിധിക്കായി, താൻ മുൻപ് അമൂല്യ നിധിയായി കരുതിയിരുന്ന പലതിനെയും ഉപേക്ഷിച്ച്, സന്തോഷത്തോടെ, ആ പുതിയ അമൂല്യനിധി ലഭിച്ചിരിക്കുന്ന വയൽ വാങ്ങുകയാണ്. നമുക്കറിയാം, ആ വയൽ എന്നത് ദൈവരാജ്യവും, വയലിലെ അമൂല്യ നിധി യേശുക്രിസ്തുവുമാണ്. ജുറാസിക് വേൾഡ് (Jurassic World) സിനിമയിലെ പ്രധാന നടനായ ക്രിസ് പ്രാറ്റ് (Chris Pratt) തന്റെ ക്രിസ്തീയ വിശ്വാസം പരസ്യമായി പ്രകടിപ്പിക്കുന്ന ഒരു വ്യക്തിയാണ്. തന്റെ വിശ്വാസത്തെക്കുറിച്ച് അദ്ദേഹം പലപ്പോഴും തുറന്നു പറയാറുണ്ട്. ഹോളിവുഡ് പോലുള്ള ഒരു സിനിമ ലോകത്ത് പ്രവർത്തിക്കുമ്പോഴും, തന്റെ ക്രിസ്തീയ വിശ്വാസത്തിൽ ഉറച്ചു നിൽക്കാൻ അദ്ദേഹം ശ്രമിക്കുന്നു. യേശുക്രിസ്തു തന്റെ ജീവിതത്തിൽ എത്രത്തോളം പ്രധാനപ്പെട്ടതാണെന്ന് അദ്ദേഹം പല വേദികളിലും വ്യക്തമാക്കിയിട്ടുണ്ട്.

'നിങ്ങൾക്ക് ഒരു ആത്മാവുണ്ട്, അതിനെ കരുതലോടെ സൂക്ഷിക്കുക', 'ദൈവം സത്യമാണ്, ദൈവം നിങ്ങളെ സ്നേഹിക്കുന്നു' തുടങ്ങിയ കാര്യങ്ങൾ അദ്ദേഹം യുവതലമുറയോട് ആഹ്വാനം ചെയ്യാറുണ്ട്. പ്രാർത്ഥനയുടെ പ്രാധാന്യത്തെക്കുറിച്ചും ദൈവം നമുക്ക് ഏറ്റവും നല്ലത് ആഗ്രഹിക്കുന്നു എന്നതിനെക്കുറിച്ചും അദ്ദേഹം എപ്പോഴും സംസാരിക്കുന്നു.

താൻ ക്രിസ്ത്യാനിയാണെന്നും യേശുവിനെയാണ് താൻ പിന്തുടരുന്നതെന്നും പറയുന്നത് തനിക്ക് വലിയൊരു ഉത്തരവാദിത്തമായിട്ടാണ് അദ്ദേഹം കാണുന്നത്. പലപ്പോഴും ഇത്തരം കാര്യങ്ങൾ തുറന്നു പറയുന്നത് സിനിമാ മേഖലയിൽ വിമർശനങ്ങൾ ക്ഷണിച്ചുവരുത്താറുണ്ടെങ്കിലും, അതിലൊന്നും താൻ ആശങ്കപ്പെടുന്നില്ലെന്ന് അദ്ദേഹം പറയാറുണ്ട്. യേശുവിനെ സ്വന്തമാക്കുന്നവർ, ജീവനെ സ്വന്തമാക്കുന്നവരാണെന്ന് വചനം പറയുന്നുണ്ട്. യേശു എന്ന അമൂല്യ നിധിയെ നമുക്ക് നമ്മുടെ ജീവിതത്തിൽ മുറുകെ പിടിക്കാം. ലൗകിക സ്വരങ്ങൾ അകറ്റി നമ്മുടെ ഹൃദയ വയലിൽ ആയിരിക്കുന്ന യേശുവിന്റെ സ്വരം നമുക്ക് ശ്രവിക്കാം. അവിടുത്തെ നമ്മുടെ ഹൃദയത്തിൽ ആരാധിക്കുകയും, അധരം കൊണ്ട് അവിടുത്തെ മറ്റുള്ളവരുടെ മുൻപിൽ ഏറ്റു പറയുകയും ചെയ്യാം.

**ജൂൺ മാസത്തെ വചനം : മത്തായി 14 : 1 – 12**

മകനേ, രോഗം വരുമ്പോൾ ഉദാസീനനാകാതെ കർത്താവിനോട് പ്രാർത്ഥിക്കുക. അവിടുന്ന് നിന്നെ സുഖപ്പെടുത്തും. (പ്രഭാ. 38:9)



## സ്നേഹസ്മരണയ്ക്ക്

### 41 – ാം ചരമദിനം



### കല്ലിങ്ങൽ ആന്റണി ഭാര്യ

# റോസിലി

ജനനം : . 01. 01. 1948 മരണം : 02. 04. 2026

"ഞാൻ ജീവിച്ചിരുന്നപ്പോൾ നിങ്ങൾ എന്നെ സ്നേഹിച്ചു
എന്റെ മരണശേഷവും നിങ്ങളുടെ പ്രാർത്ഥനാ നിമിഷങ്ങളിൽ
എന്നെ സ്മരിക്കേണമേ..."

പ്രാർത്ഥനാപൂർവ്വം : കുടുംബാംഗങ്ങൾ

യൂണിറ്റ് - 57

സ്നേഹസ്മരണയ്ക്ക്



# കുത്തൂർ വറീത് മകൻ

# ബേബി

ജനനം : 23.11.1952    മരണം : 09.05.2024

നിങ്ങൾ എന്നെ ഒത്തിരി സ്നേഹിച്ചു,
ഞാൻ നിങ്ങളിൽനിന്നും അകന്നുപോയെങ്കിലും
എന്റെ സ്നേഹം എന്നും നിങ്ങളോടുകൂടി ഉണ്ടായിരിക്കും
നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കണമെ.

# ഇടവക വാർത്തകൾ

## അമ്പ് തിരുനാൾ കമ്മിറ്റി ചെക്ക് കൈമാറി



സെന്റ് മേരീസ് ഫൊറോന പള്ളി ചാലക്കുടിയിൽ 2026 ഫെബ്രുവരിയിൽ നടത്തിയ വിശുദ്ധ സെബസ്ത്യാനോസിന്റെ അമ്പുതിരുനാൾ കമ്മിറ്റി സ്വരൂപിച്ച തുകയിൽ നിന്നും മിച്ചം വന്ന തുകയായ 10,11,384 രൂപയുടെ ചെക്ക്, തിരുനാൾ കമ്മിറ്റി ജനറൽ കൺവീനർ ജോഷി പുത്തരിക്കലും മറ്റു കൺവീനർമാരും ചേർന്ന് പള്ളിയിലെ ഭവനപദ്ധതിക്കും മറ്റുമായി വികാരിയച്ചനും കൈക്കാരന്മാർക്കും കൈമാറുന്നു.

## ഗ്രേസ് ഫെസ്റ്റ്

ഈശോയിൽ സ്നേഹം നിറഞ്ഞ മാതാപിതാക്കളെ, വിശ്വാസ പരിശീലനത്തിന്റെ ഭാഗമായി ഒന്നാം ക്ലാസ് മുതൽ **അഞ്ചാം** ക്ലാസ് വരെയുള്ള കുട്ടികൾക്ക് ഗ്രേസ് ഫെസ്റ്റ് നമ്മുടെ ഫൊറോന ഇടവക ദേവാലയത്തിൽ വെച്ച് **മെയ് 4, 5, 6** എന്നീ തീയതികളിൽ രാവിലെ **7:15–ന്റെ** വിശുദ്ധ കുർബാനയോട് തുടർന്നായിരിക്കും നടത്തപ്പെടുക എന്ന കാര്യം അറിയിക്കുന്നു, 10.30ന് അവസാനിക്കും. ഈ ഗ്രേസ് ഫെസ്റ്റിന് നിങ്ങളുടെ മക്കളെ പങ്കെടുപ്പിച്ച് ഈശോയുടെ സ്നേഹവും, കൃപകൾ കൊണ്ടു നിറയുവാനുമായി മാതാപിതാക്കൾ ശ്രദ്ധിക്കുമല്ലോ.

**കുട്ടികളുടെ അറ്റന്റൻസ് നിർബന്ധമാണ്.**

---

**ഈ വർഷം ആദ്യകുർബാന സ്വീകരിക്കാനായി ഒരുങ്ങുന്ന കുട്ടികൾ ഈ ഗ്രേസ് ഫെസ്റ്റിന് വരണമെന്ന് നിർബന്ധമില്ല.**

അശുദ്ധിയിലേയ്ക്കല്ല വിശുദ്ധിയിലേക്കാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത് (1 തെസ 4:7)

# മതബോധന വാർത്തകൾ

## പള്ളി യൂണിറ്റ്

2026-27 വർഷത്തെ അധ്യയന വർഷം മെയ് 31 ഞായറാഴ്ച 9.30ന്റെ വിശുദ്ധ കുർബാനയോട് കൂടി ആരംഭിക്കുന്നു. അന്നേദിവസം ക്ലാസുകൾ ഉണ്ടായിരിക്കുന്നതല്ല. അധ്യാപക സമർപ്പണവും കുട്ടികൾക്കുള്ള സ്കോളർഷിപ്പ്, മറ്റ് സമ്മാനവിതരണവും അന്നേദിവസം ഉണ്ടായിരിക്കും.

മതബോധന ക്ലാസുകളിലേക്ക് കുട്ടികളെ ചേർക്കുന്നതിന് വേണ്ട ഫോം ഓഫീസിൽ ലഭ്യമാണ്. മാതാപിതാക്കൾ അത് പൂരിപ്പിച്ച് ഓഫീസിൽ നൽകണമെന്ന് അറിയിക്കുന്നു.

## മാർച്ച് മാസം വിവാഹവാർഷികം ആഘോഷിച്ച ദമ്പതികൾ



പാരിഷ് ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കേണ്ട പരസ്യങ്ങളും, ലേഖനങ്ങളും,
കുടുംബസമ്മേളനം നടക്കുന്ന ഭവനങ്ങളുടെ പേരുകളും അതാത് മാസങ്ങളിൽ
15-20 തിയ്യതിക്കുള്ളിൽ ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കുക
**പരസ്യങ്ങൾ 15-20 തിയ്യതികൾക്കുള്ളിൽ പള്ളി ഓഫീസിൽ നൽകേണ്ടതാണ്.**


പത്രാധിപസമിതി

കേൾക്കുന്നതിൽ ഉത്സാഹവും മറുപടി പറയുന്നതിൽ അവധാനവും കാട്ടുക (പ്രഭാ 5:11)

ഏപ്രിൽ മാസം വിവാഹവാർഷികം ആഘോഷിച്ച ദമ്പതികൾ






എന്റെ മകനേ നീ കർത്തൃശുശ്രൂഷയ്ക്ക് ഒരുമ്പെടുന്നെങ്കിൽ പ്രലോഭനങ്ങളെ നേരിടാൻ ഒരുങ്ങിക്കൊള്ളുക (പ്രഭാ 2:1).

# സി.എൽ.സി. വാർത്തകൾ





സി എൽ സി യുടെ നേതൃത്വത്തിൽ പെസഹ വ്യാഴാഴ്ച ഒടുവിലത്തെ അത്താഴത്തിന്റെ ദൃശ്യാവിഷ്കാരം നടത്തുകയും, ദുഃഖവെള്ളിയാഴ്ച പരിഹാര പ്രദക്ഷിണത്തിന് ശേഷം തണ്ണിമത്തൻ ജ്യൂസ് നൽകുകയും, ഉയിർപ്പിന്റെ പാതിരാകുർബാനയ്ക്ക് ഉയിർപ്പിന്റെ ദൃശ്യാവിഷ്കാരം നടത്തുകയും ചെയ്തു

## യൂണിറ്റ് ഭാരവാഹികളുടെ പ്രത്യേക ശ്രദ്ധയ്ക്ക്

- വാർഷികം നടത്തുന്ന യൂണിറ്റുകൾ അച്ചന്മാരെ കണ്ട് ഡയറിയിൽ തീയതിയും സമയവും എഴുതിച്ചേർക്കുകയും, അക്കാര്യം കേന്ദ്രസമിതി സെക്രട്ടറിയെ അറിയിക്കുകയും ചെയ്യേണ്ടതാണ്. ഒരു ദിവസത്തിൽ മൂന്ന് വാർഷികം മാത്രമേ നടത്താൻ സാധിക്കുകയുള്ളൂ

സെക്രട്ടറി, കുടുംബകൂട്ടായ്മ കേന്ദ്രസമിതി

കേൾക്കുന്നതിൽ ജാഗ്രതയും മറുപടി പറയുന്നതിൽ സാവധാനവും കാട്ടുക (പ്രഭാ 5:11)

സ്നേഹസ്മരണയ്ക്ക്

## 2-ാം ചരമവാർഷികം

(03.05.2026)



## ചിറമ്മൽ മുളങ്ങാടൻ ചാക്കുണ്ണി മകൻ

# പോൾ

ജനനം : 26.06.1950 മരണം : 03.05.2024

"എന്റെ യാത്ര ഞാൻ പൂർത്തിയാക്കി എന്റെ വിശ്വാസം ഞാൻ സംരക്ഷിച്ചു.
മധുരം ഓർമകളും അതിലേറെ വേദനകളും നിങ്ങൾക്ക് നൽകി ഞാൻ കടന്നുപോയി.
പ്രിയപ്പെട്ടവരെ ആശ്വസിക്കുന്നതിന്, നിങ്ങളുടെ പ്രാർത്ഥനയിൽ
എന്നെയും ഓർക്കേണമേ..."

സന്തപ്ത കുടുംബാംഗങ്ങൾ.

# സ്നേഹസ്മരണയ്ക്ക്

1-ാം ചരമവാർഷികം



## മേനാച്ചേരി തോമൻ

## ജോണി

ജനനം : 28.02.1948   മരണം : 29.05.2025

"ഞാനാണ് പുനരുത്ഥാനവും ജീവനും
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും."

# സ്നേഹസ്മരണയ്ക്ക്

41-ാം ചരമദിനം



## കല്ലിങ്ങൽ

## ജോർജ്ജ് ഭാര്യ

## ബേബി

ജനനം : 11.06.1939   മരണം : 05.04.2026

"ജീവിച്ചിരുന്നപ്പോൾ നിങ്ങൾ എന്നെ സ്നേഹിച്ചു
എന്റെ മരണശേഷവും നിങ്ങളുടെ പ്രാർത്ഥനയിൽ
എന്നേയും സ്മരിക്കേണമെ."

യൂണിറ്റ് - 56

# തണ്ണീർക്കുടം



കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ 'ദാഹം തീർക്കാം, സ്നേഹം പങ്കിടാം' – ചുട്ടുപൊള്ളുന്ന വെയിലിൽ നിന്ന് ആശ്വാസം നൽകുവാനായി പള്ളിയുടെ മുൻവശത്ത് ജനങ്ങൾക്കായി മോരുംവെള്ളം വിതരണം ചെയ്യുന്നത് ഇരിങ്ങാലക്കുട രൂപതാ മെത്രാൻ മാർ പോളി കണ്ണൂക്കാടൻ പിതാവ് സന്ദർശിച്ചപ്പോൾ.

## പുണ്യശിശുക്കൾ

| ജനനം | | മാമ്മോദീസ |
|---|---|---|
| 11/11/25 | കല്ലിങ്ങൽ അരുൺ ജോസഫ് – ബ്ലെസി മകൾ നെസ്സ (അന്ന) | 01/02/26 |
| 17/06/25 | ലിജോ ജോയ് മാഞ്ഞൂരാൻ – നിക്സി ആന്റോ മകൾ ഫെയ്ത്ത് റോസ് (റോസ) | 07/02/26 |
| 05/12/25 | വിതയത്തിൽ ജോയൽ ജോസ് – വിൻസ ബാബു മകൾ അമീലിയ മറിയം | 01/02/26 |
| 31/10/25 | ആലങ്ങാട്ടുക്കാരൻ ജോഷി തോമസ് – ലിറ്റി ജോഷി മകൻ റിയാൻ ജോഷി | 29/01/26 |
| 08/01/25 | പള്ളിശ്ശേരി ഡോജൻ – ജിൻസി ജോസ് മകൾ ഇവ മരിയ (മേരി) | 03/01/26 |
| 22/09/25 | ചിറയത്ത് സിറിയക് സെബാസ്റ്റ്യൻ – റിയ ട്രീസ മകൻ ലെവി ചെറിയാൻ | 06/04/26 |

## സ്വർഗ്ഗീയദീപങ്ങൾ

| | മരണം |
|---|---|
| മാളക്കാരൻ സെബാസ്റ്റ്യൻ ജിനിൻ 33 (യൂണിറ്റ് 12) | 31/03/2026 |
| കല്ലിങ്ങൽ ആന്റണി റോസിലി 78 (യൂണിറ്റ് 57) | 02/04/2026 |
| കല്ലിങ്ങൽ ജോർജ്ജ് ബേബി 86 (യൂണിറ്റ് 56) | 05/04/2026 |
| തെറ്റുങ്കൽ ചുങ്കൻ അന്തോണി മേരി 80 (യൂണിറ്റ് 39) | 20/04/2026 |
| പള്ളിപ്പിള്ളി പനേക്കാരൻ ചാക്കോ ജോർജ്ജ് 65 (യൂണിറ്റ് 01) | 22/04/2026 |
| ചക്കാലാത്ത് വളപ്പിൽ ദേവസ്സിക്കുട്ടി കത്രീന 93 (യൂണിറ്റ് 55) | 28/04/2026 |
| പുതുശ്ശേരി കാട്ടാളൻ ജോർജ്ജ് ആന്റോ 67 (യൂണിറ്റ് 59) | 25/04/2026 |
| ചിറ്റിലപ്പിള്ളി തണ്ട്യേക്കൽ ജോർജ്ജ് ത്രേസ്യ 74 (യൂണിറ്റ് 8) | 26/04/2026 |
| കൂനൻ കുഞ്ഞുവറീത് ലില്ലി 76 (യൂണിറ്റ് 20) | 26/04/2026 |

പാപിയുടെ പതനത്തിന് കാരണം അവന്റെ ചുണ്ടുകളാണ് (പ്രഭാ 23:8)

## ഭവനസന്ദർശനം 2026

ഭവന സന്ദർശനവും, ദൈവകരുണക്കുവേണ്ടിയുള്ള പ്രാർത്ഥനയും, ആശീർവാദവും : ജീവിച്ചിരിക്കുന്നവർക്കും; മരിച്ചവർക്കും ദൈവകരുണ ലഭിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുന്നതിനും, ഭവനം ആശീർവ്വദിക്കുന്നതിനും വേണ്ടിയാണ് ഈ വർഷത്തിലെ ഭവന സന്ദർശനം.

**എങ്ങിനെ ഒരുങ്ങണം?**

1) ഒരു മേശമേൽ ദൈവകരുണയുടെ ചിത്രം അലങ്കരിച്ച്, ഇരുവശങ്ങളിലും തിരികൾ കത്തിച്ചു വെക്കുക
2) മരിച്ചുപോയവരുടെ ചിത്രങ്ങളോ, പേരുകളോ എഴുതി ആ മേശപ്പുറത്ത് വെക്കുക
3) ഒരു ദരിദ്രകുടുംബത്തിന് ഒരു നേരത്തെ ഭക്ഷണമോ അതിനുള്ള വകയോ സാധിക്കുന്ന വിധം നൽകുക

## കെ.സി.വൈ.എം വാർത്തകൾ



കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ വിശുദ്ധ വാരത്തോട് അനുബന്ധിച്ച് ദുഃഖവെള്ളിയാഴ്ച കുരിശിന്റെ വഴിയുടെയും യേശുവിന്റെ കുരിശു മരണത്തിന്റെയും ദൃശ്യാവിഷ്കാരം നടത്തുകയും, ഭക്തജനങ്ങൾക്ക് മോര് വെള്ളം നൽകുകയും, ഈസ്റ്ററിനോട് അനുബന്ധിച്ച് ഈസ്റ്റർ എഗ്ഗ് നല്കുകയും ചെയ്തു.

അന്വേഷിച്ചറിയാതെ കുറ്റം ആരോപിക്കരുത്. (പ്രഭാ. 11:7)

# കുടുംബയൂണിറ്റ് ഭാരവാഹികളുടെ പ്രത്യേക ശ്രദ്ധയ്ക്ക്

2026 സെപ്റ്റംബർ എട്ടിന് നടക്കുന്ന മാതാവിന്റെ പിറവിതിരുനാളിനോടനുബന്ധിച്ചുള്ള കാര്യങ്ങൾ യൂണിറ്റിൽ കോഡിനേറ്റ് ചെയ്യുന്നതിനായി ഓരോ കുടുംബയൂണിറ്റിൽ നിന്നും ഒരാളെ യൂണിറ്റിന്റെ പ്രതിനിധിയായി തിരഞ്ഞെടുത്തു അവരുടെ പേരും ഫോൺ നമ്പറും മെയ് 17 ന് മുൻപായി കേന്ദ്രസമിതി ഓഫീസിൽ അറിയിക്കേണ്ടതാണ്. പിറവിതിരുനാൾ ഇന ൽബന്ധി മീറ്റിങ്ങുകളിൽ പങ്കെടുക്കുകയും തീരുമാനങ്ങൾ കുടുംബയൂണിറ്റിൽ അറിയിക്കുകയും യൂണിറ്റിൽ ആവശ്യമായ കോർഡിനേഷൻ നടത്തുകയുമാണ് ഇവർ ചെയ്യേണ്ടത്. ഇന്നു മുതൽ നടക്കുന്ന കുടുംബയൂണിറ്റ് മീറ്റിങ്ങുകളിൽ നിന്നും താല്പര്യമുള്ളവരെ പ്രതിനിധിയായി തെരഞ്ഞെടുത്ത് അറിയിക്കാൻ ഭാരവാഹികൾ സഹകരിക്കണേ.

പ്രസിഡന്റ്
**കുടുംബകൂട്ടായ്മ കേന്ദ്രസമിതി**


## ഇടവകയിലെ കുരിശുപള്ളികളിലെയും കപ്പേളകളിലെയും
## നൊവേന സമയക്രമം

| ദിവസം | സമയം | സ്ഥലം |
|---|---|---|
| എല്ലാ ചൊവ്വാഴ്ചകളിലും | 6.00 pm | വി. അന്തോണീസിന്റെ കപ്പേള (കെ.എസ്.ആർ.ടി.സി-യ്ക്ക് സമീപം) |
| മാസാദ്യ ബുധൻ | 6.00 pm | വി. യൗസേപ്പിന്റെ കപ്പേള (കൂടപ്പുഴ) |
| എല്ലാ ബുധനാഴ്ചകളിലും | 6.00 pm | സെന്റ് മേരീസ് കുരിശുപള്ളി (ചേനത്തുനാട്) നിത്യസഹായമാതാവിന്റെ നൊവേന |
| മാസാദ്യ വ്യാഴം | 6.00 pm | വി. യൂദാ തദേവൂസ് കപ്പേള (തെക്കേ അങ്ങാടി) |
| രണ്ടാം വ്യാഴം | 6.00 pm | വി. സെബസ്ത്യാനോസിന്റെ കപ്പേള (ഇടിക്കൂട് – കാർമൽ ഇന്ത്യ) |
| മൂന്നാം വ്യാഴം | 6.00 pm | വി. റോക്കിയുടെ കപ്പേള (ഗവ. ആശുപത്രിക്ക് സമീപം) |
| എല്ലാ വ്യാഴാഴ്ചകളിലും | 5.30 pm | മരിയാപുരം ലൂർദ്മാതാ കുരിശുപള്ളിയിൽ വി. കുർബാന + നൊവേന |
| എല്ലാ വെള്ളിയാഴ്ചകളിലും | 6.00 pm | വി. സെബസ്ത്യാനോസിന്റെ കപ്പേള (മാർക്കറ്റ് റോഡിൽ) |

മകനേ പാപികളുടെ പ്രലോഭനത്തിന് വഴങ്ങരുത്. (സുഭാ. 1:10)

# കുടുംബകൂട്ടായ്മകൾ മെയ് മാസം

| | യൂണിറ്റ് നമ്പർ | സമയം | പേര് | കുടുംബകൂട്ടായ്മ നടക്കുന്ന ഭവനം |
|---|---|---|---|---|
| ഒന്നാം ഞായർ | 01 | 3.00 | ഇൻഫന്റ് ജീസസ് | ചെത്തിമറ്റം സി. കെ. പോൾ |
| | 02 | 3.30 | സെന്റ്. ജോൺ | കൂട്ടുങ്കൽ ചാക്കോച്ചൻ സാബു |
| | 03 | 4.00 | സെന്റ്. പാദ്രെ പിയോ | പീടികയിൽ ആന്റണി ജോഷി |
| | 04 | 4.30 | സെന്റ്. ആന്റണീസ് | പുന്നയ്ക്കലിൽ ജോസഫ് |
| | 05 | 5.00 | ഹോളി ട്രിനിറ്റി | ചെത്തിമറ്റം ജോസഫ് |
| | 06 | 5.00 | വി. ജിയന്ന ബെറേറ്റ | കൊച്ചുപുരയ്ക്കൽ ജോസഫ് ബാബു |
| | 07 | 4.30 | സെന്റ്. ഡൊമിനിക് സാവിയോ | തെക്കേക്കരയിൽ ജോൺ ബേബി |
| | 08 | 4.00 | സെന്റ്. സെബസ്ത്യാനോസ് | മണിമല ജോസഫ് തോമസ് |
| | 09 | 3.30 | സേക്രഡ് ഹാർട്ട് | മാളിയേക്കൽ ഷാജു |
| | 10 | 3.00 | സെന്റ്. സ്റ്റീഫൻ | മാളിയേക്കൽ തോമസ് മേരി (10-05-2026) |
| | 11 | 3.00 | ബെത്‌ലഹേം | കുന്നുമ്മലക്കുടിയിൽ വർഗീസ് |
| | 12 | 3.30 | ബെത്‌സെയ്ദ | മനോഹർ ബാബു ജോസ് |
| | 13 | 4.00 | മേരി ഇമ്മാക്കുലേറ്റ് | തെക്കേത്തല ആന്റു |
| | 14 | 4.30 | സെന്റ്. മേരീസ് | ചെമ്പിൽ രാജു |
| | 15 | 5.00 | ഉണ്ണീശോ | പീടികയിൽ സെബാസ്റ്റ്യൻ ജോൺസൺ |
| രണ്ടാം ഞായർ | 16 | 3.00 | ലിറ്റിൽ ഫ്ലവർ | കൊച്ചുപറമ്പിൽ ബാബു ജോർജ് |
| | 17 | 3.30 | ഹോളി ഫാമിലി | കിഴക്കേത്തല ജോൺസൺ |
| | 18 | 4.00 | സെന്റ്. ജോർജ് | വടക്കുമ്പാടൻ തോമസ് ബാബു |
| | 19 | 3.00 | സെന്റ്. ജോൺപോൾ രണ്ടാമൻ | വെള്ളാനിക്കാരൻ കുഞ്ഞുമോൻ |
| | 20 | 3.30 | സെന്റ്. ജോസഫ് | പീടികപ്പറമ്പിൽ പൗലോസ് ബിജു |
| | 21 | 4.00 | സെന്റ്. ജോൺ മരിയ വിയാനി | കിഴക്കേത്തല ജോൺസൺ ജിമ്മി |
| | 22 | 4.30 | സെന്റ്. തോമസ് | മനോഹരി തോമസ് സ്റ്റീഫൻ |
| | 23 | 5.00 | സെന്റ്. വിൻസെന്റ് ഡി പോൾ | തെക്കിൽ ഫ്രാൻസിസ് |
| | 24 | 5.00 | സെന്റ്. പീറ്റർ | കോട്ടയ്ക്കൽ ആന്റണി |
| | 25 | 3.00 | സെന്റ്. മാർട്ടിൻ | ചെത്തിമറ്റം പോൾ മാത്യു |
| | 26 | 4.30 | സെന്റ്. മാർക്ക് | പീടികയിൽ ജോസഫ് ഷാജി |
| | 27 | 3.30 | സെന്റ്. സെബസ്ത്യൻ | കുന്നേൽ ഷാജു |
| | 28 | 4.00 | സെന്റ്. തെരേസ | പുന്നാതറ ലൂസി സെബാസ്റ്റ്യൻ |
| | 29 | 4.30 | സെന്റ്. അൽഫോൻസ | |
| | 30 | 5.00 | സെന്റ്. പോൾ | മാളിയേക്കൽ ജോൺസൺ |
| മൂന്നാം ഞായർ | 31 | 3.00 | ഹോളി ക്രോസ് | പാറയിൽ ബേബി |
| | 32 | 3.30 | സെന്റ്. ജോസഫ് | മുളയ്ക്കൽ സിജോ ജോൺ |
| | 33 | 4.00 | സെന്റ്. ലൂക്ക് | തെക്കുംകര കുഞ്ഞിപ്പൗലോസ് |
| | 34 | 4.30 | സെന്റ്. മത്തായി | പാറേക്കൽ പൗലോസ് ജോർജ് |
| | 35 | 3.30 | സെന്റ്. ബെനഡിക്ട് | ആലുക്കൽ കുഞ്ഞുമോൻ ആന്റണി |
| | 36 | 4.00 | സെന്റ്. ജൂഡ് | ചാഴൂർ കണ്ണമ്പുഴ പോൾ ജോൺ |
| | 37 | 4.30 | സെന്റ്. മൈക്കിൾ | വടക്കൂട്ട് ജോസഫ് ബാബു |
| | 38 | 5.00 | സെന്റ്. ആഗ്നസ് | |
| | 39 | 3.00 | സെന്റ്. ആൻസ് | ചെത്തിമറ്റം ബാബു മാത്യു |
| | 40 | 3.00 | സെന്റ്. തോമസ് മൂർ | മണ്ണുംപുറത്ത് പൗലോസ് വിൽസൺ |
| | 41 | 3.00 | സെന്റ്. ബെർക്കുമാൻസ് | പാറേക്കാട്ട് ജോർജ് |
| | 42 | 3.30 | സെന്റ്. അഗസ്റ്റിൻ | പാറേക്കാട്ട് കുഞ്ഞുമോൻ ബിജു |
| | 43 | 4.00 | സെന്റ്. ആന്റണീസ് | മാളിയേക്കൽ കൊച്ചുപൗലോസ് ജോയി |
| | 44 | 4.30 | സെന്റ്. തിരുഹൃദയം | തെക്കേക്കര ബാബു |
| | 45 | 5.00 | ഗുഡ് ഷെപ്പേർഡ് | മേലേക്കാട്ടിൽ ജോസഫ് ബാബു |
| നാലാം ഞായർ | 46 | 3.00 | സെന്റ്. ഡേവിഡ് | തെക്കേക്കര ജോസഫ് ജോയി |
| | 47 | 3.30 | സെന്റ്. ഫ്രാൻസിസ് അസീസ്സി | ആലപ്പാട്ട് പോൾ ജോസ് |
| | 48 | 4.00 | ഫാത്തിമ മാതാ | മാളിയേക്കൽ കൊച്ചുപോൾ മേരി |
| | 49 | 3.00 | ഹോളി ഏഞ്ചൽസ് | കുറ്റിക്കാടൻ വർഗീസ് ജോൺസൺ |
| | 50 | 3.30 | സെന്റ്. കുര്യാക്കോസ് ഏലിയാസ് | പാറേക്കൽ വർഗീസ് ആന്റണി |
| | 51 | 4.00 | സെന്റ്. ജെറോം | മണ്ണുംമൂട്ടിൽ ജോസഫ് രാജു |
| | 52 | 4.30 | സെന്റ്. അഗസ്റ്റിൻ | ചക്കാലക്കൽ സാബു |
| | 53 | 5.00 | സെന്റ്. ജേക്കബ് | പോട്ടയ്ക്കൽ പൗലോസ് |
| | 54 | 5.00 | സെന്റ്. ഡൊമിനിക് | പി. എ. ജോണി പാലത്തിങ്കൽ |
| | 55 | 3.00 | സെന്റ്. എവുപ്രാസ്യ | തെക്കേക്കര മാളിയേക്കൽ കുഞ്ഞിപ്പൗലോസ് ആന്റണി |
| | 56 | 3.30 | സെന്റ്. ലൂയിസ് | കുന്നുംപുറം ജോസഫ് സ്റ്റീഫൻ |
| | 57 | 4.00 | സെന്റ്. പയസ് X | മണ്ണുംമൂട്ടിൽ പോൾ ലൂസി |
| | 58 | 4.30 | സെന്റ്. ജെയിംസ് | |
| | 59 | 4.30 | ലൂർദ് മാതാ | മറിയക്കുട്ടി ജോസഫ് ബാബു |
| | 60 | 4.00 | സെന്റ്. ഫിലിപ്പ് | കുറ്റിക്കാട്ട് കൊച്ചുപൗലോസ് ജോയി |
| | 61 | 5.00 | വി. മദർ തെരേസ | മനോഹരി തോമസ് ആന്റു |
| | 62 | 4.00 | സെന്റ്. സേവ്യർ | ചക്കാലക്കൽ പൗലോസ് |
| | 63 | 4.30 | സെന്റ്. മിഖായേൽ | പാലത്തിങ്കൽ ജോസഫ് |
| | 64 | 5.30 | സെന്റ്. വലന്റൈൻ | തെക്കേക്കര മാളിയേക്കൽ തോമസ് പോൾ |




**Chungath**
Jewellery
**WHOLESALE & RETAIL**

MAIN ROAD, CHALAKUDY
Ph: 94476 44175

OPEN ON SUNDAYS
**Shop Online** @www.mychungath.com

PALACE ROAD-THRISSUR, M.G. ROAD - THRISSUR, IRINJALAKUDA, PERUMBAVOOR

# 68 Years CELEBRATIONS

# UKKENS®

Since 1957

## UKKENS CURTAINS & FURNISHING

Ukkens Shopping Complex **CHALAKUDY**

**Tel : 0480 2707671, 9846206862**

**THRISSUR | CHOVOOR | ANGAMALY | ALUVA**

## KINGS FURNITURE COMPANY

Ukkens Shopping Complex **CHALAKUDY**

**Tel : 9947281604, 0480 2708954**

**ANGAMALY | ALUVA**

## RANI GLASS & PLYWOODS

Ukkens Shopping Complex **CHALAKUDY**

**Tel : 0480 2702081, 9388567260**

## UKKENS BUILDALL

## TILES & SANITARY

Ukkens Shopping Complex, Main Road **Chalakudy.**

**Ph : 0480 - 2707671, 2702081, 2701106**

## UKKENS PAINTS & COLOURS

Ukkens Shopping Complex **CHALAKUDY**

**Tel : 9947281603, 9544857711, 0480 2701106**

**THRISSUR | CHOVOOR | KARUKUTTY**